കേരള ഗവർണ്ണർ

# ശ്രീ ആർ. എസ്. ഗവായ്

2011 ഫെബ്രുവരി 4-ാം തീയതി

# കേരള നിയമസഭയിൽ ചെയ്ത പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

**1.** കേരള നിയമസഭയുടെ 2011-ലെ ആദ്യ സമ്മേളനത്തിലേക്ക് ഞാൻ നിങ്ങളെ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. മൂന്നാമത് തവണയാണ് ഈ മഹനീയ സഭയെ ഞാൻ അഭിസംബോധന ചെയ്യുന്നത്. നിങ്ങൾക്കേവർക്കും ഞാൻ എന്റെ ഹൃദയംഗമായ ആശംസകൾ നേരുന്നു. ഈ സമ്മേളനത്തിൽ 2011-12-ലെ ബജറ്റ് അവതരിപ്പിക്കുകയും വോട്ട് ഓൺ അക്കൗണ്ട് അംഗീകരിക്കുകയും ചെയ്യുന്നതാണ്. എന്റെ സർക്കാർ ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾ കേരളത്തെ, രാജ്യത്തെ അതിവേഗം പുരോഗമിക്കുന്ന സംസ്ഥാനങ്ങളിലൊന്നായി രൂപപ്പെടുത്തി. കേരളം രാജ്യത്തെ ഏറ്റവും നല്ല ഭരണമുളള സംസ്ഥാനമായി നിർണ്ണയിക്കപ്പെട്ടതിൽ സന്തോഷമുണ്ട്. ഭാരതത്തിന്റെ ആദരണീയനായ ഉപരാഷ്ട്രപതി ശ്രീ മുഹമ്മദ് അൻസാരിയിൽ നിന്നും ബസ്റ്റ് ബിഗ് സ്റ്റേറ്റ് അവാർഡ് ഇൻ ഗവേണൻസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ വി. എസ്. അച്ചുതാനന്ദൻ ഏറ്റുവാങ്ങിയിട്ടുണ്ട്.

**2.** വിവിധ വികസന മേഖലകളിലെ എന്റെ സർക്കാരിന്റെ നയങ്ങൾ അവതരിപ്പിക്കുന്നതിനുമുൻപ് ദേശീയ സാഹചര്യങ്ങൾ സംക്ഷിപ്തമായി സൂചിപ്പിക്കട്ടെ. തീവ്രവാദികളുടെയും മാവോയിസ്റ്റുകളുടെയും വർഗ്ഗീയ ഭീകരരുടെയും വളർച്ച നിയമ

വ്യവസ്ഥക്കും ദേശീയ ഐക്യത്തിനും ഗുരുതരമായ ഭീഷണി ഉയർത്തുന്നു. ഭൂരിഭാഗം വരുന്ന ഗ്രാമീണ ജനതയുടെ സാമ്പത്തിക പാപ്പരത്തവും ആഗോളവൽക്കരണ പ്രക്രിയ സൃഷ്ടിക്കുന്ന ഭീതിപ്പെടുത്തുന്ന അസമത്വവും ഭീകരവാദികളുടെ വളർച്ചക്ക് വളക്കൂറുള്ള വിളനിലം ഒരുക്കുന്നു. ഭരണപരമായ നടപടികളിൽകൂടി മാത്രം ഈ വെല്ലുവിളി നേരിടാൻ സാധ്യമല്ല. കൂടുതൽ സമത്വവാദപരമായ വളർച്ച ഉറപ്പുവരുത്തുന്ന രാഷ്ട്രീയ പ്രതികരണവും മതേതര മൂല്യങ്ങളുടെ സംരക്ഷണവും കൂടി ഇതിന് ആവശ്യമാണ്. കേരളം താരതമ്യേന സമാധാനത്തിന്റെ ഒരു അഭയസ്ഥാനമായി നിലകൊള്ളുന്നു. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഒഴിച്ചാൽ സംസ്ഥാനത്ത് ഗുരുതരമായ വർഗ്ഗീയ കലാപങ്ങൾ ഒന്നുംതന്നെ പൊട്ടിപ്പുറപ്പെട്ടിട്ടില്ല. ഇതിന് നമ്മുടെ മതേതര പൈതൃകവും കാര്യക്ഷമമായ നിയമ വ്യവസ്ഥയുടെ നിർവ്വഹണവും ഏറെ സഹായിച്ചിട്ടുണ്ട്. എന്നിരുന്നാലും അടുത്ത കാലങ്ങളിലെ ചില സംഭവ്യവികാസങ്ങൾ സംസ്ഥാനത്തെ വർഗ്ഗീയ സംഘടനകൾക്ക് ഭീകരവാദികളുമായുള്ള ബന്ധം വെളിവാക്കിയിട്ടുണ്ട്. നമ്മുടെ മതേതര പാരമ്പര്യം കാത്തുസൂക്ഷിക്കുവാൻ നാം ജാഗരൂകരാകേണ്ടിയിരിക്കുന്നു.

3. അടുത്ത കാലത്തായി പുറത്തുവന്നിട്ടുള്ള 2ജി സ്പെക്ട്രം വിൽപ്പനയിലെ ക്രമക്കേട്, ഭൂമി കുംഭകോണം, കോമൺവെൽത്ത് ഗെയിംസിലെ അഴിമതി, വിദേശ ബാങ്കുകളിലെ ഭീമമായ കള്ളപ്പണ നിക്ഷേപം തുടങ്ങി ഭരണ സംവിധാനത്തിന്റെ സമസ്ത മേഖലകളിലും വ്യാപിച്ചിട്ടുള്ള അഴിമതിയെ സംബന്ധിച്ചുള്ളതാണ് നാം നേരിടുന്ന രണ്ടാമത്തെ പ്രധാനമായ വെല്ലുവിളി. ഇവയെല്ലാം ഭാരതത്തിൽ നിലനിൽക്കുന്ന മുതലാളിത്തത്തിന്റെ ചൂഷക

സ്വഭാവത്തെയാണ് അടിവരയിടുന്നത്. ഉദാരവൽക്കരണത്തിന്റെയും സ്വകാര്യ വൽക്കരണത്തിന്റെയും പരിഷ്ക്കാരങ്ങൾ പ്രാകൃത സംഭരണത്തിന്റെ ഒരു പ്രക്രിയയാണെന്നുകൂടി തെളിയിച്ചിരിക്കുന്നു. ഭരണ രംഗത്തുനിന്നും നമ്മുടെ ദേശീയ പ്രസ്ഥാനങ്ങൾ കെട്ടിപ്പടുത്ത ധാർമ്മിക മൂല്യങ്ങളുടെ പൂർണ്ണമായ ശോഷണം വ്യാപകമായി ദുഷ്പ്രവണതകളെ വളർത്തുന്നു. ചൂഷക മുതലാളിത്തം ആത്യന്തികമായി പുരോഗതിയെ മാത്രമല്ല വളർച്ചയെയും ദോഷകരമായി ബാധിക്കും.

**4.** സാമ്പത്തിക വിഷയത്തിൽ നമ്മുടെ രാജ്യം നേരിടുന്ന പ്രധാന വെല്ലുവിളി പണപ്പെരുപ്പമാണ്. നമ്മുടെ സാമ്പത്തിക തിരിച്ചുവരവ് പാശ്ചാത്യ രാജ്യങ്ങളെക്കാൾ ശക്തമാണ്. എന്നാൽ ഭാരത സർക്കാർ കൈക്കൊണ്ടിട്ടുള്ള പണപ്പെരുപ്പനിയന്ത്രണ നടപടികൾ വികസന പ്രതീക്ഷകളെ പ്രതികൂലമായി ബാധിക്കുവാൻ പോകുന്നതായി കാണുന്നു. നിലവിലുള്ള പണപ്പെരുപ്പം വീണ്ടെടുക്കൽ പ്രക്രിയ മൂലമുണ്ടായ ക്രമാതീതമായ ആവശ്യങ്ങളോ കാർഷിക ഉൽപാദനത്തിലെ കുറവോ കാരണമായിട്ടുള്ളതല്ല. കയറ്റുമതി-ഇറക്കുമതി നയങ്ങളെയും അവധി വ്യാപാരവിപണികളിലെ അവസരങ്ങളെയും ദുരുപയോഗം ചെയ്ത പൂഴ്ത്തിവയ്പ്പുകാരും ഊഹക്കച്ചവടക്കാരും കൃത്രിമം നടത്തുന്നതാണ് ഇതിനുള്ള മുഖ്യകാരണം. സംഗതി ഇതായിരിക്കെ ഊഹക്കച്ചവടക്കാർക്ക് കടിഞ്ഞാണിടാനുള്ള അനുയോജ്യമായ പ്രതികരണം ലഭ്യതയുടെ ഭാഗത്തായിരിക്കേണ്ടതായിരുന്നു. കേന്ദ്ര സർക്കാർ അവശ്യ സാധന നിയമം പിൻവലിച്ചത് ഈ ദിശയിലുള്ള ഏതെങ്കിലും ഗൗരവമായ ഇടപെടലിനെ കാര്യമായി തടസ്സപ്പെടുത്തി. കൂടാതെ സുപ്രീം കോടതിയുടെ പ്രേരണയുണ്ടായിരുന്നിട്ടും കാര്യക്ഷമമായ

രീതിയിൽ വിപണിയിൽ ഇടപെടുന്നതിന് ഭാരതസർക്കാർ അതിന്റെ ഗോഡൗണുകളിലെ കരുതൽ ധാന്യശേഖരം ഉപയോഗിക്കുന്നതിന് വളരെയധികം വിമുഖത കാണിച്ചു. പൊതു പണപ്പെരുപ്പത്തിന് ആക്കം കൂട്ടുംവിധം ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ പണപ്പെരുപ്പം വളർത്തുന്ന പ്രവണത ഈ സാഹചര്യം കൂടുതൽ വഷളാക്കുന്നു എന്നതും വളരെ വ്യക്തമാണ്. എണ്ണക്കമ്പനികൾ പെട്രോളിയം ഉത്പന്നങ്ങളുടെ വില അടിക്കടി വർദ്ധിപ്പിച്ചത് ഈ പ്രവണതയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. വിലനയം രൂപീകരിക്കുന്നതിലും വിശാലമായ സാമ്പത്തിക സ്ഥിതിയുടെ കാര്യത്തിലും അവർ തീർത്തും ഉൽക്കണ്ഠാകുലരല്ലെന്ന് തോന്നുന്നു. വില നിർണ്ണയിക്കുന്ന പ്രക്രിയയിൽ സുതാര്യതയില്ലാത്തതും നിലവിലുള്ള വർദ്ധനവ് ന്യായീകരിക്കാവുന്നതും അല്ല. സർക്കാർ ജീവനക്കാർക്ക് ഉയർന്ന ക്ഷാമബത്ത, ഗതാഗതത്തിന്റെയും യാത്രയുടെയും വർദ്ധിച്ച ചെലവ്, സാമൂഹിക സുരക്ഷിതത്വത്തിനുള്ള ഉയർന്ന മുടക്കുമുതൽ എന്നിവയിലൂടെ ഇരട്ട സംഖ്യയിൽ എത്തിനിൽക്കുന്ന പണപ്പെരുപ്പം സംസ്ഥാന സർക്കാരിന്റെ ചെലവിനത്തിൽ കടുത്ത സമ്മർദ്ദം ചെലുത്തുന്നു. പണപ്പെരുപ്പം സാധാരണക്കാരന്റെ സമ്പാദ്യത്തിന്റെ നല്ലൊരുപങ്ക് കവർന്നെടുക്കുകയും അത് പൂഴ്ത്തി വയ്പ്പുകാരിലേക്കും ഊഹക്കച്ചവടക്കാരിലേക്കും എത്തിക്കുകയും ചെയ്യുന്നു. എന്റെ സർക്കാർ ഇന്നത്തെ പരമപ്രധാന ദൗത്യമായി കരുതുന്നത് വിലവർദ്ധനവിന്റെ ഭീഷണി നേരിടുന്നതും ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതുമാണ് .

**5.** വിലക്കയറ്റംകൊണ്ട് സംസ്ഥാനത്തെ ജനങ്ങൾ അഭിമുഖീകരിക്കുന്ന ദാരുണമായ സാഹചര്യത്തോടുള്ള ഞങ്ങളുടെ പ്രതികരണം വരുന്ന ബജറ്റ് അനാവരണം ചെയ്യുന്നതായിരിക്കും.

ഇപ്പോഴത്തെ പണപ്പെരുപ്പം കേന്ദ്ര സർക്കാരിന്റെ നയങ്ങൾ മൂലമാണെന്ന് ഊന്നിപ്പറയുവാൻ എന്റെ സർക്കാർ ആഗ്രഹിക്കുന്നു. പണപ്പെരുപ്പം തടയുന്നതിന് ഉടൻതന്നെ നടപടികൾ ആരംഭിക്കേണ്ടതും എന്റെ സർക്കാരിന്റെ പൊതുവിതരണ സംവിധാനത്തിന് വേണ്ട സഹായങ്ങൾ നൽകേണ്ടതും കേന്ദ്ര സർക്കാരിന്റെ ചുമതലയാണ്. കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ 40 ലക്ഷം കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കിയതിലൂടെ എന്റെ സർക്കാർ ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. ഉയർന്ന പണപ്പെരുപ്പവും ആഗോള ഭക്ഷ്യവിലക്കയറ്റവും ഉണ്ടായിരുന്നിട്ടും പയർവർഗ്ഗങ്ങൾ, പഞ്ചസാര, സുഗന്ധ വ്യഞ്ജനങ്ങൾ ഉൾപ്പെടെ 13 ഇനം അവശ്യസാധനങ്ങളുടെ വിതരണത്തോടെ കഴിഞ്ഞ നാലര വർഷമായി ഒരേ വിലയ്ക്കുതന്നെ എല്ലാ അവശ്യസാധനങ്ങളും വിതരണം ചെയ്യുന്ന രാജ്യത്തെ ഏക സംസ്ഥാനമായി കേരളത്തെ മാറ്റി. ഇത്, ഭക്ഷ്യ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹായിച്ചു; കൂടാതെ ലേബർ ബ്യൂറോ ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം വിലക്കയറ്റം സംബന്ധിച്ച് കേരളം 17-ാം സ്ഥാനത്തു മാത്രമാണ്.

**6.** വിലകൾ ഇനിയും നിയന്ത്രിക്കുന്നതിനും സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും എന്റെ സർക്കാർ നിലവിലുള്ള മാവേലി സ്റ്റോറുകൾ കൂടാതെ എല്ലാ ന്യായവില ഷോപ്പുകളിലൂടെയും 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ ഘട്ടംഘട്ടമായി വിതരണം ചെയ്യുന്നതാണ്, അതിനായി ₹ 337 കോടി ചെലവ് പ്രതീക്ഷിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഈ പുതിയ തുടക്കത്തിന്റെ പകുതി ചെലവ് കേന്ദ്ര സർക്കാർ വഹിക്കേണ്ടതാണ്. കൂടാതെ, നല്ലയിനം ജയ, സുരേഖ, മട്ട

തുടങ്ങിയ അരികൾ എല്ലാ സപ്ലൈകോ വിതരണകേന്ദ്രങ്ങൾ വഴി കിലോക്ക് ₹ 16 നിരക്കിൽ വിതരണം ചെയ്യുന്നതാണ്. മോഡേൺ ഹൈപ്പർ മാർക്കറ്റുകൾ ഈ മാസംതന്നെ തിരുവനന്തപുരത്തും കോട്ടയത്തും ഈ വർഷാവസാനത്തോടെ തലശ്ശേരി, കരുനാഗപ്പള്ളി, തിരുവല്ല എന്നിവിടങ്ങളിലും തുടങ്ങുന്നതാണ്. ഈ വർഷം ടെക്നോപാർക്കിന് സമീപം ഒരു സപ്ലൈകോ ഷോപ്പിംഗ് മാൾ തുറക്കുന്നതാണ്. ബി. ഒ. റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ഒരു മോഡേൺ വീറ്റ് ഫ്ളവർ മിൽ പത്തനംതിട്ടയിൽ ഈ മാസംതന്നെ കമ്മീഷൻ ചെയ്യുന്നതാണ്.

**7.** മേൽപറഞ്ഞ നടപടികൾ കേന്ദ്ര സർക്കാർ ലഭ്യമാക്കിയതോ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ആർജ്ജിച്ചതോ ആയ ഭക്ഷ്യധാന്യങ്ങളുടേയും മററു വസ്തുക്കളുടെയും തൃപ്തികരമായ വിതരണത്തെ പ്രതിപാദിക്കുന്നു. സംസ്ഥാനത്തെ ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന് നാം ഊർജ്ജിതമായി ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. എന്റെ സർക്കാരിന്റെ ഭക്ഷ്യ സുരക്ഷാ പദ്ധതി ഇതിനോടകം തന്നെ അതിന്റെ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷമായി സംസ്ഥാനം കൃഷിയിലും അനുബന്ധ മേഖലകളിലും അഭൂതപൂർവ്വമായ ഒരു ഉണർവ്വിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. സാധാരണ ജനത്തിന്റെ മനസ്സിൽ ആഴമേറിയ മുറിവുകൾ ഉണ്ടാക്കിയ കർഷക ആത്മഹത്യകൾ പൂർണ്ണമായും തുടച്ചുനീക്കാൻ സാധിച്ചിട്ടുണ്ട്. രാജ്യത്ത് ആദ്യമായി നെൽ കർഷകർക്ക് പെൻഷൻ നൽകുന്ന പദ്ധതിയായ "കിസാൻ അഭിമാൻ" നടപ്പിലാക്കി. 37,000 ഹെക്ടർ തരിശുഭൂമി നെൽകൃഷിക്ക് അനുയോജ്യമാക്കി. രാജ്യത്തെ എക്കാലത്തെയും ഉയർന്ന സംഭരണ വിലയായ ₹ 13 കിലോയ്ക്ക് നെല്ല് സംഭരണം നടപ്പിലാക്കി.

**8.** വ്യത്യസ്ത പദ്ധതികളിൻ കീഴിലുള്ള വിവിധ നെൽകൃഷി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി "അരി ശ്രീ" എന്ന ഒരു പദ്ധതി നടപ്പിലാക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കൃഷി ചെയ്യാവുന്ന തരിശുഭൂമികൾ കർഷകർക്കോ കർഷകത്തൊഴിലാളികൾക്കോ എസ്. എച്ച്. ജി.-കൾക്കോ ഊർജ്ജിത കൃഷിക്ക് ഒരു നിശ്ചിത കാലയളവിലേക്ക് അനൗപചാരിക പാട്ടത്തിന് കൊടുക്കുന്നതിന് സഹായിക്കുന്ന ഔദ്യോഗിക വ്യവസ്ഥാപിത ക്രമീകരണമാണ് ഈ പുതിയ പദ്ധതിയുടെ നിർണ്ണായക ഘടകം. മേൽപ്പറഞ്ഞ പദ്ധതി ആരംഭിക്കുന്നതിനായി എന്റെ സർക്കാർ ഒരു സംവിധാനം നടപ്പിൽ വരുത്തുന്നതാണ്. 2011-12 കാലയളവിൽ സംസ്ഥാനത്ത് ഓരോ ജില്ലയിലും ഒന്നുവീതം 14 മോഡൽ ഫാം ടെക്നീഷ്യൻസ് ആന്റ് ലേബറേഴ്സ് ബാങ്ക് സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഒരു റിസർച്ച് സ്റ്റേഷൻ സ്ഥാപിക്കുന്നതാണ്. ഇടുക്കി, കുട്ടനാട് പാക്കേജുകളുടെ മാതൃകയിൽ ഓണാട്ടുകര കാർഷിക വികസന പാക്കേജ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

**9**. പച്ചക്കറികളുടെ കാര്യത്തിൽ സംസ്ഥാനം രൂക്ഷമായ വിലക്കയറ്റം നേരിടുകയാണ്. പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി 10 ലക്ഷം കുടുംബങ്ങൾക്ക് വിവിധയിനം പരമ്പരാഗത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സഹായം നൽകാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**10.** വാണിജ്യവിളകളുടെ വിലയിൽ പുരോഗതിയുണ്ടായിട്ടുള്ളതും ഫാം നിക്ഷേപങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി വാണിജ്യവിളകളുടെ ഉത്പാദനത്തിൽ ഒരു അനുകൂലമായ പ്രവണത പ്രകടമായി തുടങ്ങിയിട്ടുണ്ട്. കൂടാതെ 1980-1990 കാലഘട്ടത്തിന്റെ അവസാന പകുതിയിൽ പ്രത്യക്ഷമായ ദ്രുതഗതിയിലുള്ള വളർച്ച കൈവരിച്ചു. എന്നിരുന്നാലും, 2000-ങ്ങളിലെ ആദ്യ വർഷങ്ങളിലെപ്പോലെ വിലയിടിവിന് ഒരു മുഖ്യഭീഷണിയായി ആസിയാൻ കരാർ നിലകൊള്ളുന്നു. നമ്മുടെ വിളകൾ കൂടുതൽ മത്സരക്ഷമമാക്കുന്നതിനുതകുമാറ് ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും വിലയിടിവിന്റെ കാലങ്ങളിൽ താങ്ങുവില പദ്ധതികളും നടപ്പിലാക്കുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിൽ കേന്ദ്ര സർക്കാരിന് ഒരു പ്രധാന പങ്കുണ്ട്.

**11.** സംസ്ഥാനത്തിലെ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം എന്റെ സർക്കാർ, സംസ്ഥാനത്തെ നെൽവയലുകളുടെ സ്പേഷ്യൽ ഡാറ്റ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്റർ (KSREC) ഭാരത സർക്കാരിന്റെ ഭൗമശാസ്ത്ര മന്ത്രാലയവുമായി ചേർന്നു ഉപഗ്രഹാധിഷ്ഠിത പ്രബല മത്സ്യബന്ധന മേഖലാ ഉപദേശക സമിതികൾക്ക് പ്രചാരം നൽകാനും, പ്രബലമായ മത്സ്യബന്ധന മേഖലകൾ പ്രവചിക്കുന്നതും സുനാമി പോലുള്ള ദുരന്തങ്ങളെ സംബന്ധിച്ച് മുൻകൂട്ടിയുള്ള ജാഗ്രത നൽകുന്നതുമായ, ഡിജിറ്റൽ ഇൻഫർമേഷൻ സിസ്റ്റം സംസ്ഥാനത്തിന്റെ തീരദേശങ്ങളിൽ സ്ഥാപിക്കാനുമുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**12**. സംസ്ഥാനത്തിന്റെ മൃഗസംരക്ഷണ മേഖല, കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ പാല്, മുട്ട, ഇറച്ചി എന്നീ ലൈവ് സ്റ്റോക്ക് ഉൽപ്പന്നങ്ങളുടെ ഉത്പാദനരീതിയിൽ കാതലായ പുരോഗതിയ്ക്ക് സാക്ഷ്യം വഹിച്ചു. സംസ്ഥാനത്തിന്റെ പാൽ ഉൽപ്പാദനം 2005-2006-ൽ 20.63 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 2009-2010-ൽ 25.37 ലക്ഷം മെട്രിക് ടണ്ണായും, 2010-2011-ൽ 29 ലക്ഷം മെട്രിക് ടണ്ണായും സ്ഥായിയായി വർദ്ധിച്ചു. ഈ മേഖലയുടെ ശാസ്ത്രീയ പുരോഗതിയ്ക്കുവേണ്ടി എന്റെ സർക്കാർ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല സ്ഥാപിച്ചു. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ 12000 ഹെക്ടറിൽ നിന്നും 15110 ഹെക്ടറിലേയ്ക്ക് കാലിത്തീറ്റ കൃഷി വ്യാപിപ്പിക്കുന്നതിന് എന്റെ സർക്കാരിന് കഴിഞ്ഞു. എന്റെ സർക്കാർ സംസ്ഥാനത്തിന്റെ ക്ഷീര സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനായി 25 പുതിയ ക്ഷീര സഹകരണ സംഘങ്ങൾ തുടങ്ങുന്നതിനായി സഹായം നൽകുന്നുണ്ട്. സംസ്ഥാനത്തെ ഏകദേശം 1,89,604 ക്ഷീര കർഷകരെ കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ ഇൻഷുറൻസ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവന്നു. 100% ലൈവ്സ്റ്റോക്ക് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയ രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. കൂടാതെ സംസ്ഥാനത്തെ എല്ലാ ക്ഷീരകർഷകർക്കും കാലിത്തീറ്റ സബ്സിഡി ഏർപ്പെടുത്തി.

**13.** 73 മികച്ച ക്ഷീരോത്പാദന ഡയറി ബ്ലോക്കുകൾക്ക് ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതാണ്. സ്ത്രീകളുടെ അനുബന്ധ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഒരു ലക്ഷം

സ്ത്രീകൾക്ക് 3-4 മാസം പ്രായമുള്ള രണ്ട് പെണ്ണാടുകളെ 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ ആലോചിക്കുന്നു. വിതുരയിലും കുര്യോട്ടുമലയിലും, ധോണിയിലും ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതാണ്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കുടപ്പനക്കുന്നിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ക്ലിനിക്കൽ കോംപ്ലക്സ് സ്ഥാപിക്കുന്നതാണ്. കേരളത്തിലെ ക്ഷീര കർഷകരുടെ ആവശ്യങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിലേയ്ക്കായി ക്ഷീര മേഖലയ്ക്കായി ഒരു ധനകാര്യ സ്ഥാപനം ഈ വർഷം സ്ഥാപിക്കുന്നതാണ്. കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും ഓപ്പൺ ന്യൂക്ലിയസ് ബ്രീഡിംഗ് സംവിധാനത്തോടുകൂടി ഹൈ-ടെക് ബുൾ മദർ ഡയറി ഫാം യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. ബീജ സങ്കലന ഉദ്ദേശങ്ങൾക്കായി ഉപയോഗിക്കുന്ന മൃഗങ്ങളുടെ പിതൃത്വം/വംശപാരമ്പര്യം സംബന്ധിച്ച ആധികാരിക രേഖകൾക്കായി മൃഗങ്ങളുടെ പിതൃത്വ പരിശോധന നടത്തുന്നതിനും മാർക്കർ അസിസ്റ്റഡ് സെലക്ഷൻ മുഖേന പ്രത്യേക ജീനുകളെ തിരിച്ചറിയുന്നതിലൂടെ ക്ഷീരോത്പാദനശേഷിയെ അടിസ്ഥാനമാക്കി ചെറുപ്രായത്തിലേ കാളക്കുട്ടികളെ തിരഞ്ഞെടുക്കുന്നതിനും കുടപ്പനക്കുന്നിൽ ഒരു ജീനോം ലാബ് സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഫ്രഞ്ച് ഗവൺമെന്റിന്റെ സഹായത്തോടെ കന്നുകാലികളുടെ ജനിറ്റക് അപ്ഗ്രഡേഷനും മൃഗങ്ങളുടെ തിരിച്ചറിയലിനുമായി ഒരു കൊലാബറേറ്റീവ് പ്രോജക്റ്റ് ആലോചനയിലുണ്ട്. മലപ്പുറം ജില്ലയിലെ ആദവനാട്ടിൽ ഒരു ആട് തീറ്റ ഉൽപ്പാദന കേന്ദ്രവും കരുനാഗപ്പള്ളിയിലെ 300 ടി പി ഡി കാറ്റിൽഫീഡ് പ്ലാന്റിന്റെ പരിസരത്ത് ഒരു ബൈ-പാസ് പ്രോട്ടീൻ

ഫീഡ് മാനുഫാക്ചറിംഗ് യൂണിറ്റും എന്റെ സർക്കാർ സ്ഥാപിക്കുന്നതാണ്. കാലിത്തീറ്റ പ്ലാന്റിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ഗോഡൗൺ നിർമ്മാണം, ആലപ്പുഴയിലെ സെൻട്രൽ പ്രോഡക്ട്സ് ഡയറിയുടെ വികസനം, പാലിന്റെ സംസ്ക്കരണത്തിനും വിപണനത്തിനുമുളള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ , വയനാട്ടിൽ പുതിയ ഐസ്ക്രീം പ്ലാന്റ് മുതലായവ പോലുള്ള അടിസ്ഥാനസൗകര്യ വികസനവും ഈ വർഷം നടപ്പിലാക്കുന്നതിന് ആലോചനയുണ്ട്.

**14.** 2000-2001-ൽ മുട്ടയുടെ ഉത്പാദനം 203.4 കോടി ആയിരുന്നത് 2005-2006 -ൽ 119.56 കോടിയായി കുറഞ്ഞു വെങ്കിലും ആയത് ഇപ്പോൾ 163.30 കോടിയായി വർദ്ധിച്ചു. ഇറച്ചിക്കോഴിയുടെ ആഭ്യന്തര ഉത്പാദനം 2009-2010-ൽ 22,000 മെട്രിക് ടണ്ണായി ഉയർന്നു. 50,000 സ്കൂൾ കുട്ടികളെ സഹായിച്ചു കൊണ്ട് സ്കൂൾ പൗൾട്രി ക്ലബ്ബുകൾ (കുഞ്ഞു കൈകളി കോഴിക്കുഞ്ഞ്) ആരംഭിച്ചു. മുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി പഞ്ചായത്തുകളിൽ "**കെപ്കോ ഗ്രാമം**" എന്ന പേരിൽ ഒരു നവീന പുതുപദ്ധതി ആരംഭിച്ചു. കെപ്കോ കോഴിത്തീറ്റ ഈ വർഷം വ്യാപാരാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതാണ്.

**15.** തീരദേശ മത്സ്യബന്ധന മേഖലയുടെ നവീകരണത്തിന്റെ ഭാഗമായി മാതൃകാ മത്സ്യബന്ധന വില്ലേജുകൾ രൂപികരിക്കുന്ന താണ്. മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ പുനർനിർമ്മാണം, ശുചിത്വ സംരക്ഷകമായ പരിസ്ഥിതി, കമ്മ്യൂണിറ്റി ഹാളുകൾ, ഡിസ്പെൻസറികൾ, ശുദ്ധജല വിതരണ പദ്ധതികൾ, റോഡ്

ശൃംഖല, ലേലഹാളുകൾ, വഴിവിളക്കുകൾ മുതലായവ അതിന്റെ ഘടകങ്ങളായിരിക്കും. 2011-12 വർഷത്തിലേയ്ക്ക് 25 വില്ലേജുകൾ തിരഞ്ഞെടുത്തിട്ടുണ്ട്.

**16.** എന്റെ സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടങ്ങളിലൊന്നാണ് മത്സ്യ കേരളം പദ്ധതി. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 2641 ഹെക്ടർ നേരിയ ഉപ്പുരസമുള്ള ജലപ്രദേശവും 3433 ഹെക്ടർ ശുദ്ധജല പ്രദേശവും കൊഞ്ച്/മത്സ്യം/കക്ക കൃഷിയിൻ കീഴിൽ കൊണ്ടുവന്നു. മൂന്നാം ഘട്ടത്തിന്റെ അവസാനത്തോടെ 2 ലക്ഷം ടൺ മത്സ്യം എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**17.** മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന്റെ ഭാഗമായി 1,17,000 മത്സ്യത്തൊഴിലാളികളുടെ 394 കോടി രൂപയുടെ കടങ്ങൾ എന്റെ സർക്കാർ എഴുതിത്തള്ളിയിട്ടുണ്ട്. അടുത്ത പടിയായി മത്സ്യത്തൊഴിലാളികൾ മറ്റു ബാങ്കിംഗ് അല്ലെങ്കിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മത്സ്യബന്ധനവും സമുദ്രപഠനങ്ങളും സംബന്ധിച്ച വിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ നൽകുന്നതിനും സാങ്കേതിക മികവുള്ള മനുഷ്യശക്തിയുടെ അഭാവം തരണം ചെയ്യുന്നതിനും വേണ്ടി എന്റെ സർക്കാർ മത്സ്യബന്ധനത്തിനും സമുദ്രശാസ്ത്ര പഠനങ്ങൾക്കുമുള്ള രാജ്യത്തെ ആദ്യത്തെ സർവ്വകലാശാല സ്ഥാപിച്ചു.

**18.** കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ ഏകദേശം ₹ 3000 കോടി അധികം വരുന്ന പുരോഗമന പ്രവർത്തനങ്ങൾ മത്സ്യബന്ധന മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. കായംകുളം മത്സ്യബന്ധന തുറമുഖം കമ്മീഷൻ ചെയ്തു. തോട്ടപ്പള്ളിയിലേയും പൊന്നാനിയിലേയും മത്സ്യബന്ധന തുറമുഖങ്ങൾ ഈ വർഷം കമ്മീഷൻ ചെയ്യും. കൊയിലാണ്ടിയിലേയും, താലായിലേയും മത്സ്യബന്ധനതുറമുഖങ്ങൾ ഈ വർഷം പ്രവർത്തനക്ഷമ മാക്കുന്നതാണ്. മഞ്ചേശ്വരം, വെള്ളയിൽ, താനൂർ, പരപ്പനങ്ങാടി, വലിയതുറ എന്നിവിടങ്ങളിൽ പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കും. ₹ 100 കോടി ചെലവ് വരുന്ന തീരദേശ റോഡുകളുടെ മെച്ചപ്പെടുത്തൽ പൂർത്തിയായി വരുന്നു.

**19.** ജനങ്ങളോടു സാമൂഹ്യ പ്രതിബദ്ധതയുള്ള നിരവധി പദ്ധതികൾ ഏറ്റെടുത്തുകൊണ്ട് സഹകരണ മേഖല ഒരു പ്രത്യേക പങ്ക് വഹിച്ചു. **കൺസ്യൂമർഫെഡിന്റെ** നേതൃത്വത്തിൽ ഉൽസവ ചന്തകളും സ്പെഷ്യൽ ചന്തകളും നടത്തുകയുണ്ടായി. കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിറ്റതുവഴി ₹ 126.16 കോടി ആശ്വാസം ഉപഭോക്താക്കൾക്ക് ലഭിക്കുകയുണ്ടായി. പുന്നപ്രയിൽ സഹകരണ മേഖലയിൽ ഒരു പുതിയ സഹകരണ ആശുപത്രി സ്ഥാപി ക്കുകയും **എം. ബി. എ.** കോളേജിനും ഫിനിഷിംഗ് സ്കൂളിനും വേണ്ടി പുന്നപ്രയിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തു. കേപിന്റെ (C A P E) കീഴിൽ സഹകരണ പ്രൊഫഷണൽ കോളേജുകളിൽ **എം സി എ, മെക്കാനിക്കൽ/ സിവിൽ എൻജിനീയറിംഗ്** എന്നീ പുതിയ കോഴ്സുകൾ ആരംഭിച്ചു.

**20.** പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് കഴിഞ്ഞ 4 വർഷങ്ങളിൽ ₹ 76.33 കോടി വായ്പകളിലൂടെ സഹകരണ വകുപ്പിന്റെ ശക്തമായ ഇടപെടൽ നിർദ്ധനരായ വിദ്യാർത്ഥികളെ സഹായിക്കുന്നതിൽ വളരെ നല്ല സ്വാധീനം ഉണ്ടാക്കി. ഇ.എം.എസ്: ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി സഹകരണ മേഖല, തദ്ദേശ സ്ഥാപനങ്ങൾക്ക് ₹ 4000 കോടി വായ്പയായി ലഭ്യമാക്കുന്നതാണ്.

**21.** കൂടുതൽ കൊയ്ത്ത് യന്ത്രങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നതും നെൽ കൃഷിയ്ക്ക് പലിശരഹിത വായ്പ നൽകുന്നതുമാണ്. നാളികേരം, നെല്ല് എന്നിവയുടെ സംസ്ക്കരണത്തിനു വേണ്ടി പുതിയ യൂണിറ്റുകൾ തുറക്കുകയും വയനാട്ടിൽ ഗന്ധകശാല നെൽ കൃഷിയും തൃശ്ശൂർ, എറണാകുളം ജില്ലകളിലെ പൊക്കാളി നെൽ കൃഷിയും പ്രോൽസാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതും പൊക്കാളി, ഗന്ധകശാല എന്നീ അരി ഇനങ്ങൾക്ക് സംസ്ക്കരണ യൂണിറ്റുകൾ തുടങ്ങുന്നതുമാണ്. ഇടുക്കി ജില്ലയിൽ ഐ സി ഡി പി പദ്ധതികളുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതാണ്. സഹകരണ സ്ഥാപനങ്ങൾ കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകളും നെൽ കൃഷിയ്ക്ക് പലിശ രഹിത വായ്പകളും അനുവദിക്കുന്നത് തുടരുന്നതാണ്. എന്റെ സർക്കാർ വായ്പയെടുക്കുന്നവരെ സഹായിക്കുന്നതിലേയ്ക്കായി ഒരു റിസ്ക്ക് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ പദ്ധതി പ്രകാരം വായ്പയെടുത്ത 858 പേരുടെ ₹ 4.21 കോടി എഴുതി തള്ളിയിട്ടുണ്ട്.

**22.** എല്ലാ പൗരൻമാർക്കും ജലം ലഭിക്കുന്നതിനുള്ള അവകാശം ഉറപ്പുവരുത്തുന്നതിലേക്കായി എന്റെ സർക്കാർ സംസ്ഥാനത്തെ ജലവിഭവമേഖലയ്ക്ക് മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. 2007-ലെ കേരള ജല നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തത്വങ്ങളുടെ അടിസ്ഥാനത്തിൽ കുടിവെള്ളവും ജലസേചനവും മേഖലയിൽ കഴിഞ്ഞ നാല് വർഷക്കാലയളവിനുള്ളിൽ മുൻപ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത തോതിൽ നിക്ഷേപം ഉണ്ടായിട്ടുണ്ട്. കുടിവെള്ളമേഖലയിൽ 29.53 ലക്ഷം ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന 69 വൻകിട പദ്ധതികളും 222 ചെറുകിട പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

**23.** ഗ്രാമീണ ജലവിതരണവും ശുചീകരണവും മേഖലയിൽ ഇന്ന് ഒരു പ്രമുഖ പങ്ക് വഹിക്കുന്ന കേരള റൂറൽ വാട്ടർ സപ്ലൈ ആൻറ് സാനിട്ടേഷൻ ഏജൻസി (KRWSA) നൽകുന്ന സേവനങ്ങൾക്ക് നേരിടുന്ന ചെലവ് ഫലപ്രദമായി ഈടാക്കുക എന്ന തത്വത്തെ അടിസ്ഥാനമാക്കി നിലനില്ക്കത്തക്ക ഒരു ബദൽ മാതൃക വിജയകരമായി വികസിപ്പിച്ചിട്ടുണ്ട്. വനിതകൾക്കും, ന്യൂനപക്ഷങ്ങൾക്കും, ദരിദ്രർക്കും ജലവിതരണവും ശുചീകരണവും സേവനങ്ങൾ നൽകുന്നതിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെച്ചതിന് 2008-ഫെബ്രുവരിയിൽ വാഷിങ്ടൺ ഡി സി (DC)-യിലെ ലോകബാങ്ക് ആഫീസിൽ നടന്ന 'പ്യൂപ്പിൾസ് ഫസ്റ്റ് അവാർഡ്'' മത്സരത്തിൽ കെ ആർ ഡബ്ല്യൂ എസ് എ (KRWSA)-യ്ക്ക് ഫസ്റ്റ് റണ്ണർ അപ്പ് സ്ഥാനം ലഭിച്ചിട്ടുണ്ട്.

**24.** ജെ ബി ഐ സി (JBIC) സഹായത്തോടെയുള്ള 5 ജലവിതരണ പദ്ധതികൾ, ജെ എൻ എൻ യു ആർ എം (JNNURM), യു ഐ ഡി എസ് എസ് എം റ്റി (UIDSSMT)

എന്നിവയുടെ കീഴിൽ ജലവിതരണവും അഴുക്കുചാലും പദ്ധതികൾ, സുനാമി പുനരധിവാസ പ്രോഗ്രാമുകൾ തുടങ്ങിയവ നടപ്പിലാക്കുന്ന പ്രക്രിയയിലാണ് ഇപ്പോൾ കേരള വാട്ടർ അതോറിറ്റി. ഫണ്ടിന്റെ അഭാവത്തിൽ മുടങ്ങിക്കിടന്ന 36 പദ്ധതികൾ സ്പാൻ (SPAN)-ന്റെ (നബാർഡിന്റെ സഹായത്തോടെയുള്ള സ്പെഷ്യൽ പാക്കേജ്) കീഴിൽ ഏറ്റെടുത്തിട്ടുള്ളതും ആയത് ഉടൻ തന്നെ പൂർത്തികരിക്കുന്നതുമാണ്. ഇത് 36 ലക്ഷം ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതാണ്. എന്നുമാത്രമല്ല സ്പെഷ്യൽ അസിസ്റ്റൻസ് എഗൻസ്റ്റ് റിസ്സഷൻ ഇൻ കേരള (SAARK)-യുടെ കീഴിൽ മുടങ്ങിക്കിടന്ന 17 കുടിവെള്ള പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനും അതിവേഗ അടിസ്ഥാനത്തിൽ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും വേണ്ടി ₹ 470 കോടി ചെലവ് വരുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

**25.** കേരള വാട്ടർ അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദ സ്ഥാപനമാക്കുന്നതിനും അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ എന്റെ സർക്കാർ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ കംപ്യൂട്ടർവൽക്കരണവും ഇ-ടെൻഡർ സംവിധാനവും അപേക്ഷിച്ചാൽ 7 ദിവസത്തിനകം വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. വാസ്കോൺ (WASCON) എന്ന പേരിൽ കേരള വാട്ടർ അതോറിറ്റി കൺസൽട്ടൻസി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതിപരിഹാര സെല്ലും, ബ്ലൂബ്രിഗേഡും, ഹെൽപ്പ്ഡെസ്ക്കും കഴിഞ്ഞ നാലു വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

**26.** ശുദ്ധമായ കുടിവെള്ളവും കൃഷിയ്ക്കും മറ്റാവശ്യങ്ങൾക്കും സുസ്ഥിര ജലവിഭവ വിനിയോഗവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി തദ്ദേശസ്വയംഭരണവകുപ്പിനെയും മറ്റു വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനമൊട്ടാകെ ജലസുരക്ഷ എന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. വരൾച്ചയും ജലദൗർലഭ്യവും പ്രാദേശികതലത്തിൽ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും വർഷം മുഴുവനും ജലലഭ്യത ഉറപ്പു വരുത്തുന്നതിനുമാണ് ഈ പദ്ധതി ഊന്നൽ നൽകുന്നത്.

**27.** ജലസേചന മേഖലയിൽ, സാർക്ക് (SAARC)-ന്റെ കീഴിൽ ₹ 256.37 കോടി ചെലവ് വരുന്ന പ്രോജക്റ്റുകൾ ഏറ്റെടുത്തിട്ടുണ്ട്. മലബാർ മേഖലയിൽ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എം ഐ ആർ പി എ (MIRPA) എന്ന ഒരു സമഗ്ര പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതേ കാലയളവിൽ, ലിഫ്റ്റ് ജലസേചന പദ്ധതികളുടെ നവീകരണത്തിനും പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി റിലിസ് (RELIS) എന്ന ഒരു സംയോജിത പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കിയിട്ടുണ്ട്. പമ്പാ നദീതട അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 13.41 കിലോമീറ്റർ പുതിയ കടൽ ഭിത്തി നിർമ്മിക്കുകയും 51.79 കിലോമീറ്റർ നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

**28.** 2008-ൽ നാഷണൽ അർബൻ വാട്ടർ അവാർഡും 2009-ൽ ഭാരത നിർമ്മാൺ അവാർഡും കേരള വാട്ടർ അതോറിറ്റി നേടിയിട്ടുണ്ട്. ജലവിതരണ മേഖലയിൽ ഏറ്റവും നല്ല ബില്ലിംഗ് ആന്റ് കളക്ഷൻ സംവിധാനമുള്ള നഗരമായി തിരുവനന്തപുരത്തെ കേന്ദ്ര നഗര വികസന വകുപ്പ് തിരഞ്ഞെടുത്തിട്ടുണ്ട്.

**29.** വർദ്ധിച്ച ആവശ്യകതയുളള പരിമിതവും അവശ്യവും ആയ ഒരു വിഭവമാണ് ജലം എന്നും അതിനാൽ വിവിധ മേഖലകളിൽ- അത് കുടിവെളളത്തിനായാലും ജലസേചനത്തിനായാലും വ്യാവസായിക ആവശ്യത്തിനായാലും, ആവശ്യവും ലഭ്യതയും ഇവ രണ്ടും നേരിടുന്നതിന് ഒരു സംയോജിത രീതിയിലുളള കാര്യ നിർവ്വഹണം വേണ്ടതാണെന്നും എന്റെ സർക്കാർ തിരിച്ചറിയുന്നു. 2010-11 കാലയളവിൽ കേരള വാട്ടർ അതോറിറ്റി കൊല്ലം, ആലപ്പുഴ ജില്ലകളിലെ സുനാമി ബാധിത പ്രദേശങ്ങളിൽ ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ പ്രോഗ്രാമിന്റെ കീഴിൽ 3 പദ്ധതികളും നബാർഡിന്റെ സഹായത്തോടു കൂടി 6 പദ്ധതികളും 17 സുനാമി പുനരധിവാസ പ്രവർത്തനങ്ങളും 2 ജലവിതരണ പദ്ധതികളും 8 ലക്ഷത്തോളം ആളുകൾക്ക് പ്രയോജനപ്പെടുത്തിക്കൊണ്ട് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.ചവറ-പന്മന മൾട്ടി ഗ്രാമ പഞ്ചായത്ത് വാട്ടർ സപ്ലൈ സ്കീം കമ്മീഷൻ ചെയ്തിട്ടുണ്ട്. 20,000-ത്തിൽ അധികം പുതിയ കണക്ഷനുകൾ നൽകുന്നതു മുഖേന ഒരു ലക്ഷത്തിലധികം പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. കൂടാതെ, തിരുവനന്തപുരത്ത് ജെ. ബി. ഐ. സി. (JBIC) പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്.

**30.** 30 ലക്ഷത്തിലധികം ആളുകൾക്ക് പ്രയോജനപ്പെടുന്ന തിരുവനന്തപുരം, മീനാട്, ചേർത്തല, പട്ടുവം എന്നിവിടങ്ങളിലെ നാല് ജെ ബി ഐ സി (JBIC) പദ്ധതികൾ ഈ വർഷം കമ്മീഷൻ ചെയ്യുന്നതാണ്. കൂടാതെ, 33 ലക്ഷത്തിലധികം ആളുകൾക്ക് പ്രയോജനപ്പെടുന്ന നബാർഡിന്റെ സഹായത്തോടെയുളള 19 പദ്ധതികളും 29 എ ആർ ഡബ്ല്യൂ എസ് പി (ARWSP)

പദ്ധതികളും 8 യു ഡബ്ല്യു എസ് എസ് (UWSS) പദ്ധതികളും പൂർത്തിയാക്കുന്നതാണ്. എന്നു മാത്രമല്ല, പാറശ്ശാലയിലും മറുകിലും മാറനെല്ലൂരിലും അതിന്റെ സമീപഗ്രാമങ്ങളിലും, കുമരകത്തും തിരുവാർപ്പിലും ജലവിതരണത്തിനും തൃപ്പൂണിത്തുറയിലും, സമീപ പഞ്ചായത്തുകളിലും ജലവിതരണം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള മൂന്ന് വൻകിട ജലവിതരണ പദ്ധതികളും ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്. 14 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന 200 പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന "ജലനിധി"യുടെ രണ്ടാം ഘട്ടം 2010-11 കാലയളവിൽ സമാരംഭിച്ചിട്ടുണ്ട്. ശാസ്താംകോട്ട കായൽ സംരക്ഷിക്കുന്നതിനായി ഒരു സമഗ്ര മാനേജ്മെന്റ് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുള്ളതും അത് ഈ വർഷം തന്നെ നടപ്പിലാക്കുന്നതുമാണ്. ജലസേചന മേഖലയിൽ ഡാം സുരക്ഷാ പ്രശ്നങ്ങൾ വളരെയധികം പ്രാധാന്യമർഹിക്കുന്നു. മുല്ലപ്പെരിയാറിൽ ഒരു പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് എന്റെ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. പുതിയ ഡാമിന്റെ നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്.

**31.** എന്റെ സർക്കാരിന് കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിൽ നല്ല പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. സർക്കാർ, ₹ 2843.73 കോടി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (DPRs) വെള്ളപ്പൊക്ക നിവാരണ പദ്ധതിയുടെ കീഴിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വിവിധ സംരഭങ്ങൾക്ക് കീഴിൽ കായൽ പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണവും പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ നിർമ്മാണവും ബലപ്പെടുത്തലും ആയി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്തിന്റെ നെല്ലറ എന്ന് പരക്കെ അറിയപ്പെടുന്ന കുട്ടനാട് മേഖലയിൽ നെൽകൃഷി ഇരട്ടിയാക്കാമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു. 2011-12 കാലയളവിൽ 250-ലധികം പാടശേഖരങ്ങളിൽ വെള്ളപ്പൊക്ക നിയന്ത്രണവുമായും പുറംബണ്ട് ശക്തിപ്പെടുത്തുന്നതുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്റെ സർക്കാർ പൂർത്തീകരിക്കുന്നതാണ്. കാരിയാർമുട്ടു റഗുലേറ്ററുമായി ബന്ധപ്പെട്ട ജോലികളും തണ്ണീർമുക്കം ബാരേജിന്റെ നവീകരണവും കൂടി ഈ വർഷം ആരംഭിക്കുന്നതാണ്.

**32.** ടൺ-കി.മീ സഞ്ചരിക്കുമ്പോഴുള്ള ബഹിർഗമനങ്ങൾ കുറവാണെന്ന അർത്ഥത്തിൽ ജലഗതാഗത ഉപാധികൾ ഊർജ്ജ ക്ഷമതയുള്ളതാണെന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു. അതിനാൽ ജലഗതാഗത ഉപാധികളുടെ വർദ്ധിച്ച ഉപയോഗം കാലാവസ്ഥാ വ്യതിയാന പ്രക്രിയയെ സ്വാധീനിക്കുന്നതാണ്. ഇത്തരത്തിലുള്ള ഊർജ്ജ ക്ഷമതാ ഉപാധികളുടെ വർദ്ധിച്ച ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ജലഗതാഗതത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കണ്ണൂർ-കാസറഗോഡ് മേഖലയിലുള്ള സുൽത്താൻ കനാലും കൊല്ലം ജില്ലയിലെ പരവൂർ കായൽ മുതൽ മണിയൻകുളം തോടുവരെയുള്ള ഏകദേശം 11 കിലോമീറ്ററും ഉൾപ്പെടുന്ന 43 കിലോമീറ്റർ സംസ്ഥാന ജലപാത ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

**33.** 2011-12 കാലയളവിൽ സംസ്ഥാന ജലപാതയിലെ 35 കിലോമീറ്റർ വരുന്ന വർക്കല-കൊല്ലം ജലപാതയുമായും 90 കിലോമീറ്റർ വരുന്ന കൊടുങ്ങല്ലൂർ-പൊന്നാനി ജലപാതയുമായും

ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ എന്റെ സർക്കാർ പദ്ധതിയിട്ടിട്ടുണ്ട്. കൂടാതെ, പെരിയാറിലൂടെയും ദേശീയ ജലപാത III-ലൂടെയും നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തെ (CIAL)-യും കൊച്ചി തുറമുഖത്തേയും ബന്ധിപ്പിക്കുന്ന "കൊച്ചി സീ പോർട്ട്-എയർ പോർട്ട് വാട്ടർ കണക്ടിവിറ്റി" പ്രോജക്ട് ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്.

**34.** പുതുതായി തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ സർക്കാരുകൾ അധികാരമേറ്റുകഴിഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട മേധാവികളിൽ 50%-ലധികം സ്ത്രീകളാണ്; കൂടാതെ തിരഞ്ഞെടുക്കപ്പെട്ട മേധാവി പുരുഷനായിട്ടുള്ളിടങ്ങളിൽ വൈസ് പ്രസിഡന്റ് അല്ലെങ്കിൽ വൈസ് ചെയർപേഴ്സൺ ഒരു സ്ത്രീ ആണ്. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരിലും തുല്യ എണ്ണം സ്ത്രീകളാണ്. ജില്ലയിലെ പ്രധാന ഭരണഘടനാ ആസൂത്രണ നികായമായ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയിൽ അതിന്റെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ 50% സ്ത്രീകളാണ്. തദ്ദേശ സർക്കാരുകളിലെ ഇപ്രകാരമുള്ള സമഗ്രമായ സ്ത്രീശാക്തീകരണം നമ്മുടെ രാജ്യത്തുമാത്രമുള്ള താണെന്ന് പറയുന്നതിൽ ഞാൻ അഭിമാനിക്കുകയും ജെൻഡർ സെൻസിറ്റീവും ദീനാനുകമ്പയോടുകൂടിയതും അഴിമതിരഹിതവുമായ തദ്ദേശ സർക്കാരുകൾ രൂപപ്പെടുത്തുന്നതിന് തീർച്ചയായും കഴിയുമെന്ന് നമുക്ക് പ്രതീക്ഷിക്കുകയും ചെയ്യാം. ഈ ധീരമായ പരീക്ഷണം സുസ്ഥിരമാക്കുന്നതിന് സംവരണ സീറ്റുകളും സ്ഥാനങ്ങളും അഞ്ചു വർഷത്തിലൊരിക്കൽ എന്നതിനുപകരം പത്തുവർഷത്തിലൊരിക്കൽ എന്ന ക്രമത്തിലാക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. രണ്ടു കാലാവധികളിലേക്കുള്ള ഈ തുടർച്ച കാര്യനിർവ്വഹണത്തെ പ്രചോദിപ്പിക്കുന്നതിനും പരിചയസമ്പന്നമായ നേതൃത്വത്തിന്റെ ആവിർഭാവത്തിനും സഹായിക്കും.

**35.** അങ്ങനെയുള്ള തദ്ദേശ സർക്കാരുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങൾക്കും ആദ്യ നാലുമാസം ഉന്നതനിലവാരമുള്ള പരിശീലനം നൽകി വരുന്നതും അതിന്റെ ഫലം അത്യധികം പ്രോത്സാഹജനകവുമാണ്. ഇതിന്റെ ആവേഗവും ആവേശവും ഉൾക്കൊണ്ടുകൊണ്ട്, ആത്മാർത്ഥമായി പരിശ്രമിച്ചിട്ടും മുമ്പ് നേടാൻ കഴിയാതിരുന്ന ജില്ലാ പദ്ധതികളിലും പഞ്ചവത്സര പദ്ധതികളിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് എന്റെ സർക്കാർ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി അടുത്ത സാമ്പത്തിക വർഷാരംഭത്തിൽ തന്നെ സമാരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

**36.** ഗ്രാമീണ മേഖലയിലെ ശുചീകരണത്തിൽ 978 പഞ്ചായത്തുകളിൽ 951-ലും കേന്ദ്ര സർക്കാർ നൽകിയ നിർമ്മൽ ഗ്രാമ പദവി നേടിക്കൊണ്ട് പ്രധാന സംസ്ഥാനങ്ങളുടെയിടയിൽ കേരളം മുൻനിര പദവി നേടിയിട്ടുണ്ട്. ഈ വർഷം തന്നെ സംസ്ഥാനം സമ്പൂർണ്ണമായി നിർമ്മൽ പദവി കൈവരിക്കുമെന്ന് എന്റെ സർക്കാർ ഉറപ്പുതരുന്നു. ശുചീകരണം, പ്രത്യേകിച്ച് ഖരമാലിന്യ സംസ്ക്കരണം പൊതു ജനങ്ങളുടെ പ്രധാന ആവശ്യമായി മാറിക്കഴിഞ്ഞതിനാൽ വലിയ ടൗണുകളിൽ 20 സിറ്റി സാനിറ്റേഷൻ പ്ലാനുകളും താരതമ്യേന നഗരവൽക്കരിക്കപ്പെട്ട വില്ലേജ് പഞ്ചായത്തുകളിൽ 225 വില്ലേജ് സാനിറ്റേഷൻ പ്ലാനുകളും ഉടൻ തന്നെ തയ്യാറാക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഈ പ്രശ്നത്തിൽ ശാസ്ത്രീയവും സമയബന്ധിതവുമായ സമീപനം ഇത് ഉറപ്പുവരുത്തും. ജലത്തിന്റെ ഗുണനിലവാരം കാര്യക്ഷമമായ

ശുചീകരണത്തിന്റെ ഉത്തമ സൂചകമായതിനാൽ, ജലത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പരീക്ഷണങ്ങളുടെ മേൽനോട്ടത്തിന് ചുക്കാൻ പിടിക്കുന്നതിന് ഹയർ സെക്കന്ററി സ്കൂളുകളെ ഉപയോഗിക്കുന്ന രീതി രണ്ടു വർഷത്തിനുള്ളിൽ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതാണ്.

**37.** കുടുംബശ്രീ ശൃംഖലയുടെ സ്ഥാപനപരമായ ശക്തിപ്പെടുത്തലും ജനാധിപത്യവൽക്കരണവും വനിതാ സമൂഹങ്ങളുടെ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും നവചൈതന്യമേകിയുണർത്തിയിട്ടുണ്ട്. മുൻ വർഷത്തെക്കാൾ വർദ്ധിച്ച അളവിൽ, ഏകദേശം 200 കോടി രൂപയുടെ സർക്കാർ സഹായം കാര്യക്ഷമമായി വിനിയോഗിക്കുന്നതിൽ കഴിഞ്ഞ രണ്ട് വർഷത്തിൽ കുടുംബശ്രീ വിജയിച്ചിട്ടുണ്ട്. നിർദ്ധനരിൽ നിർദ്ധനരായ, പ്രത്യേകിച്ചും ആദിവാസി സ്ത്രീകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അത് ഇപ്പോൾ ഉദ്ദേശിക്കുന്നു. അട്ടപ്പാടിയിലെ ജൈവകാർഷിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനായുള്ള ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതാണ്. തദ്ദേശ സർക്കാരുകളുടേയും സമൂഹത്തിന്റെയും പൂർണ്ണ പങ്കാളിത്തത്തോടെ ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സംരക്ഷണത്തിന്റെ ഒരു മഹനീയ മാതൃകയായി വളർന്നിട്ടുള്ള ബഡ്സ് (BUDS) സ്കൂൾ സിസ്റ്റം സാർവ്വത്രികമാക്കുക എന്ന ലക്ഷ്യത്തോടെ കൂടുതൽ വികസിപ്പിക്കുന്നതാണ്.

**38.** കേരളത്തിലെ കുടുംബശ്രീ പദ്ധതിയുടെയും ആന്ധാപ്രദേശിലെ ഐ കെ പി (IKP) പദ്ധതിയുടെയും അനുഭവത്തെ പ്രാഥമികമായി അടിസ്ഥാനമാക്കി കേന്ദ്ര സർക്കാർ,

നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ ആരംഭിച്ചിട്ടുണ്ട് എന്ന് ചൂണ്ടിക്കാണിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. പഞ്ചായത്തുകളുടെയും പാവപ്പെട്ടവരുടെ സാമൂഹികാടിസ്ഥാനത്തിലുള്ള സംഘടനകളുടെയും അതുല്യമായ പങ്കാളിത്തത്തോടെ ദാരിദ്ര്യ നിർമ്മാർജന പദ്ധതി നടപ്പിലാക്കുന്നതിൽ കേരളം മാർക്ഷദർശിയായിരിക്കുന്നതാണ്. നിരവധി സംസ്ഥാനങ്ങൾ അത്തരം മാതൃക പരീക്ഷിക്കുന്നതിന് വേണ്ടി കുടുംബശ്രീയുടെ സാങ്കേതിക സഹായം തേടിയിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നത് വളരെ ചാരിതാർത്ഥ്യജനകമാണ്.

**39.** 2008-2009-ൽ ₹ 224 കോടിയിൽ നിന്നും 2009-10-ൽ ₹ 471 കോടിയിലേക്കും ഈ വർഷം പ്രതീക്ഷിക്കുന്ന തുകയായ ₹ 700 കോടിയിലേക്കും ചെലവ് വർദ്ധിച്ചിട്ടുണ്ടെന്ന വസ്തുത സൂചിപ്പിക്കുന്നപ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വളരെ തൃപ്തികരമായ രീതിയിൽ നടപ്പിലാക്കി വരുന്നു. ഇതേ അവകാശങ്ങളോടുകൂടി മഹാനായ സാമൂഹ്യ പരിഷ്ക്കർത്താവ് ശ്രീ അയ്യങ്കാളിയുടെ പേരിൽ നാമകരണം ചെയ്ത തികച്ചും സമാനമായ പദ്ധതി, നഗര പ്രദേശങ്ങൾക്കുവേണ്ടി നടപ്പിലാക്കിയ രാജ്യത്തെ ആദ്യസംസ്ഥാനമായി കേരളം മാറി. നെൽകൃഷി കുറയുന്ന പ്രവണത ഗണ്യമായി തടയുന്നതിൽ എം ജി എൻ ആർ ഇ ജി പി (MGNREGP) വളരെയധികം വിജയിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി 600-ലധികം ഗ്രാമപഞ്ചായത്തുകൾ വാട്ടർഷെഡ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. പാരിസ്ഥിതികമായ സുസ്ഥിര വികസനത്തിനു വേണ്ട സാങ്കേതിക സഹായം നൽകുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറക്കുന്നതിനുമുള്ള പ്രാദേശിക

നടപടി പ്രോത്സാഹിപ്പിക്കുന്നതിനും അഹാഡ്സിന്റെ (AHADS) അടിസ്ഥാന സൗകര്യമുപയോഗിച്ച് അട്ടപ്പാടിയിൽ ഒരു പ്രകൃതി വിഭവ മാനേജ്മെന്റ് സ്ഥാപനം, കില (KILA), സ്ഥാപിക്കുന്നതാണ്.

**40.** 'സുരാജ്' ഇല്ലാതെ 'സ്വരാജ്' അർത്ഥശൂന്യമാണ്. ഭരണകർത്തൃത്വത്തിനുള്ള പരിശ്രമം തുടർന്നുകൊണ്ട്, വസ്തു നികുതി ഇലക്ട്രോണിക് പേയ്മെന്റ് വഴി അടക്കുന്നത് തിരുവനന്തപുരം നഗരത്തിൽ തുടങ്ങുന്നതും മറ്റു നഗരങ്ങൾ പിൻതുടരുന്നതുമാണ്. ഇപ്പോൾ പരീക്ഷണാർത്ഥം തിരുവനന്തപുരം നഗരത്തിൽ ആരംഭിച്ചിട്ടുള്ള കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളുടെ ഓൺലൈൻ സമർപ്പണം മറ്റു നാലു നഗരങ്ങളിലേക്കും വ്യാപിപ്പിക്കുന്നതാണ്. ബിൽഡിംഗ് പെർമിറ്റിനായുള്ള അപേക്ഷകളുടെ കംപ്യൂട്ടറൈസ്ഡ് ട്രാക്കിംഗ് എല്ലാ മുനിസിപ്പാലിറ്റികളിലും പ്രധാന വില്ലേജ് പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതാണ്.

**41.** നൂതനവും വിപ്ലവാത്മകവുമായ സാമൂഹിക റിയാലിറ്റി ഷോ "ഗ്രീൻ കേരള എക്സ്പ്രസ്സ്" അപ്രതീക്ഷിതമായ പ്രശംസയും ദേശീയ അംഗീകാരവും നേടി. സമാനമായ പ്രദർശനങ്ങൾ കുറഞ്ഞത് രണ്ട് വർഷത്തിലൊരിക്കലെങ്കിലും നടത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**42.** തിരുവനന്തപുരത്തെ തിരുവല്ലം വില്ലേജിൽ ലാറിബെക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിനു (LaBISHas) വേണ്ടി ഒരു അന്തർദ്ദേശീയ കാംപസ് സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതിയിൻ കീഴിൽ 4150 വീടുകളുടെ നിർമ്മാണം

പൂർത്തീകരിക്കുകയും ഈ വർഷം 3900 വീടുകൾ പുനർ നിർമ്മിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. ലക്ഷംവീട് പദ്ധതിയുടെ ശിൽപ്പിയായ പരേതനായ ശ്രീ. എം. എൻ. ഗോവിന്ദൻനായരുടെ പൂർണ്ണകായ പ്രതിമ അദ്ദേഹത്തിന്റെ ജന്മശതാബ്ദി സ്മാരകമായി തിരുവനന്തപുരം നഗരത്തിൽ സ്ഥാപിക്കുന്നതും അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള ലക്ഷം വീട് കോളനികളെ 'എം.എൻ. ഭവനനഗർ' എന്ന് പുനർനാമ കരണം ചെയ്യുന്നതുമാണ്. ഉദ്യോഗസ്ഥരായ വനിതകളുടെ ആവശ്യങ്ങൾ പരിഗണിച്ച് തൃശ്ശൂർ, കോഴിക്കോട്, കട്ടപ്പന എന്നിവിടങ്ങളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വനസംരക്ഷണ സമിതിയിൽ നിന്നും ശേഖരിച്ച മണലിന്റെ സിനറേജ് വാല്യൂ (Seigniorage Value) ക്യൂബിക് മീറ്ററിന് ₹ 78 നിരക്കിൽ ബി പി എൽ . കുടുംബങ്ങൾക്കും എം. എൻ, ഇ.എം.എസ്. ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾക്കും നൽകാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സിമന്റ്, കമ്പി മുതലായ മറ്റു കെട്ടിടനിർമ്മാണ സാമഗ്രികൾ ബി പി എൽ കുടുംബങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാനും ഉദ്ദേശിക്കുന്നു.

**43.** സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ദരിദ്രരും, അഗതികളുമായ രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ഉറപ്പുവരുത്തുന്നതിനുമായി വിഭവങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമുള്ള പരിശ്രമങ്ങളിൽ കഴിഞ്ഞ 5 വർഷക്കാലം എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. എല്ലാ സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളും ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡിലേക്ക് ഉയർത്തപ്പെട്ടു. നാല് പ്രധാന സർക്കാർ

ആശുപത്രികളിലെ സംവിധാനങ്ങൾ ആശുപത്രികൾക്കായുള്ള നാഷണൽ അക്രഡിറ്റേഷൻ ബോർഡിന്റെ അംഗീകാരത്തിനായി തയ്യാറാക്കപ്പെട്ടുകഴിഞ്ഞു. കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ച "108" എന്ന പൊതു കാൾസെന്റർ നമ്പരിൻ കീഴിൽ ആധുനിക ജീവൻരക്ഷാ ആംബുലൻസുകൾ ആവശ്യക്കാരായ പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകിവരുന്നു. ദേശീയ, സംസ്ഥാന പാതകളിലേക്ക് ഈ പദ്ധതി ഈ വർഷം തന്നെ വ്യാപിപ്പിക്കുന്നതാണ്. ശിശുമരണ നിരക്ക് (IMR) 15-ൽ നിന്നും 12 ആക്കി കുറച്ചതുവഴി ഉയർന്ന നേട്ടം കൈവരിക്കുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കോഴിക്കോട്ടും മലപ്പുറത്തും മറ്റു ജില്ലകളിലും എന്റെ സർക്കാരിന്റെ സഹായത്തോടു കൂടി പ്രവർത്തിക്കുന്ന സാമൂഹ്യാടിസ്ഥാനത്തിലുള്ള പെയിൻ ആന്റ് പാലിയേറ്റീവ് കെയർ മൂവ്മെന്റ് (Pain and Paliative Care Movement)-ന് അന്തർദ്ദേശീയാംഗീകാരം ലഭിച്ചിട്ടുണ്ട്.

**44.** കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാലാ ബിൽ നിയമസഭ പാസ്സാക്കുകയും പ്രസ്തുത സർവ്വകലാശാല തൃശ്ശൂർ കാംപസ്സിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സഹായത്തോടെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി എം എസ് എസ് വൈയുടെ (PMSSY) കീഴിൽ ഉപകരണങ്ങൾ വാങ്ങുകയും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കുകയും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പൂജപ്പുരയിലെ ആയുർവ്വേദ പഞ്ചകർമ്മ ആശുപത്രിയുടെ പുതിയ കെട്ടിടവും പൂർത്തിയാക്കിയിട്ടുണ്ട്.

എൻ ആർ എച്ച് എം (NRHM)-ന്റെ കീഴിൽ താൽക്കാലിക ആയുർവ്വേദ/ഹോമിയോ/സിദ്ധ ഡിസ്പെൻസറികൾ തുറന്നിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽകോളേജിൽ മൊത്തം ₹ 20 കോടി ചെലവിൽ മോഡുലാർ ഓപ്പറേഷൻ തിയേറ്ററും സർജിക്കൽ തിയേറ്റർ കോംപ്ലക്സും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ കത്തീറ്റ റൈസേഷൻ ലാബും കാർഡിയോതൊറാസിക് സർജ്ജറി യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ബേൺസ് യൂണിറ്റും (Burns Unit) ആധുനികവൽക്കരിച്ച മോർച്ചറി ബ്ലോക്കുകളും സ്ഥാപിക്കുന്നതാണ്. തിരഞ്ഞെടുത്ത ആയുർവ്വേദ ആശുപത്രികളിൽ ആയുർവ്വേദ-സ്പോർട്ട്സ് ക്ലിനിക്കുകൾ തുടങ്ങുന്നതാണ്.

**45.** എന്റെ സർക്കാർ സമാരംഭിച്ച വിദ്യാഭ്യാസ സംരംഭങ്ങൾ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിൽ വിജയം കൈവരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് അവരുടെ സൃഷ്ടിപരമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനവസരം നൽകുന്ന ഇച്ഛാധിഷ്ഠിത ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനം എല്ലാ സർവ്വകലാശാലകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഭാഗഭാക്കാകുന്ന സ്ഥാപനങ്ങളിലെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്ന തിനായി മൂന്നു ജില്ലകളിൽ കോളേജുകളുടെ ക്ലസ്റ്റർ ഏർപ്പെടു ത്തിയിട്ടുണ്ട്. അനുയോജ്യമായ മേഖലകളിൽ മുൻനിര ഗവേഷണം പ്രോൽസാഹിപ്പിക്കുന്നതിനും കേരളത്തിലെ സർവ്വകലാശാലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സർവ്വകലാശാലകളിൽ അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഉന്നത വിദ്യാഭ്യാസത്തിൽ മികവ് ഉറപ്പുവരുത്തുന്നതിനുള്ള സംരംഭങ്ങൾ ഫലപ്രാപ്തിയിലെത്തിയിട്ടുണ്ട്. സ്കോളർ

ഇൻ റസിഡൻസ് പ്രോഗ്രാമായ 'എറുഡൈറ്റ്' നമ്മുടെ സർവ്വകലാശാലകളിൽ സ്വദേശത്തെയും വിദേശത്തെയും നോബൽ ബഹുമതി നേടിയവരുടെയും പണ്ഡിതശ്രേഷ്ഠന്മാരുടെയും സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്. നമ്മുടെ ഫാക്കൽറ്റിയ്ക്കും വിദ്യാർത്ഥികൾക്കും പണ്ഡിതശ്രേഷ്ഠരുമായി സംവദിക്കുന്നതിന് അവസരമുണ്ടാക്കുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടി വിവിധ വിജ്ഞാനശാഖകളിൽ സ്കോളർ-ഇൻ-റസിഡൻസും വിസിറ്റിംഗ് ഫാക്കൽറ്റിയും സ്കീമുകൾ ആരംഭിച്ചിട്ടുണ്ട്.

**46.** പഠനത്തിൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും മികവ് പരിപോഷിപ്പിക്കുന്നതിനുമായി സ്കോളർഷിപ്പ് പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്. അഭിമാനകരമായ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിലും അടിസ്ഥാന ശാസ്ത്രങ്ങളിലുള്ള പഠനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിലും ലക്ഷ്യമിടുന്നു. സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനായി സുവർണ്ണ ജൂബിലി സ്കോളർഷിപ്പ് പദ്ധതിയും മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പും ഏർപ്പെടുത്തുകയുണ്ടായി. സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡവലെപ്മെന്റും സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസും പോലുള്ള മികച്ച നൂതന സ്ഥാപനങ്ങൾ ഈ മേഖലകളിൽ ഗവേഷണവും വികസനവും പ്രോൽസാഹിപ്പിക്കുന്നതിനായി ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴയിൽ ഒരു പുതിയ ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുകയുണ്ടായി. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഒരു ശാസ്ത്ര നഗരവും രണ്ട് പ്രാദേശിക ശാസ്ത്ര കേന്ദ്രങ്ങളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. 2007 മുതൽ ആരംഭിച്ചിട്ടുള്ള വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ നിലവാരം നിശ്ചയമായും ഉയർത്തുന്നതാണ്.

**47.** ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ഉള്ളടക്ക വികസനം ഉന്നത വിദ്യാഭ്യാസ രംഗത്തെ ഒരു സുപ്രധാനമായ ചുവടുവയ്പാണ്. ദി സ്കോളർ, കെ-ബേസ്, ഗുരുസ്മരണ എന്നിവ പോലെയുള്ള ഉള്ളടക്ക വികസന പോർട്ടലുകളും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ സമഗ്രമായ ഒരു ഡാറ്റാ ബാങ്ക് വികസിപ്പിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**48.** നൂതനമായ കർമ്മപരിപാടികളിലൂടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. രാജ്യത്തെ 18 സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി ക്കൊണ്ട് ഒരു സ്വതന്ത്ര ഏജൻസി നടത്തിയ പഠനം കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾ ഗണിതശാസ്ത്രത്തിലും ഭാഷകളിലും ഉൽകൃഷ്ട വൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചതായി കണ്ടെത്തുകയുണ്ടായി. സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്തുകയുണ്ടായി. എട്ടാം സ്റ്റാൻഡേർഡ്‌വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി പാൽ വിതരണത്തിനുള്ള (ആഴ്ചയിൽ രണ്ട് കപ്പ്) ഒരു പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കഴിഞ്ഞ വർഷം 41 അൺഎയ്ഡഡ് സ്കൂളുകൾക്ക് എന്റെ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഏകദേശം 4 ലക്ഷം വിദ്യാർത്ഥികൾ പ്രീ-മെട്രിക് സ്കോളർഷിപ്പിനായി തിരഞ്ഞെടുക്കപ്പെട്ടു. അധ്യാപകരുടെ സ്ഥലംമാറ്റവും നിയമനവും 'ഓൺലൈൻ' വഴി നടത്തിവരുന്നു. ഉച്ചഭക്ഷണ പദ്ധതിക്കു പുറമെ സ്കൂൾ കുട്ടികൾക്ക് പാൽ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി എന്റെ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഹയർ സെക്കൻഡറിയിൽ, +1-ലേയ്ക്ക്

**49.** ഫാൾസ് നമ്പരിടലും ഇരട്ട മൂല്യ നിർണ്ണയവും ഏർപ്പെടുത്തുകവഴി ഹയർ സെക്കന്ററി പരീക്ഷയുടെ നടത്തിപ്പും മൂല്യനിർണ്ണയവും പരിഷ്കരിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നു. മലബാർ മേഖലയിൽ ഓരോ ഗ്രാമ പഞ്ചായത്തിലും ഒരു ഹയർ സെക്കന്ററി സ്കൂളും ഓരോ ജില്ലയിലും രണ്ട് മോഡൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും അനുവദിക്കാൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള പരീക്ഷാഭവൻ എസ്എസ്എൽസി (SSLC), എച്ച്എസ്ഇ (HSE), വിഎച്ച്എസ്ഇ (VHSE), പരീക്ഷകളുടെ നടത്തിപ്പിനായുള്ള ഒരു പരീക്ഷാ ബോർഡായി മാറ്റുന്നതാണ്. ശേഷിയിൽ വ്യത്യാസമുള്ള കുട്ടികളെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്ന ആവശ്യത്തിനായി അഞ്ച് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. +1,+2 പാഠ്യപദ്ധതി അടുത്തവർഷം മുതൽ പരിഷ്കരിക്കുന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി ദേശീയതല പരിശീലന കേന്ദ്രം തുറക്കുന്നതാണ്. ആർഎംഎസ്എ (RMSA) പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കൂടുതൽ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതാണ്. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം നടപ്പാക്കുന്നതിനായി ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതാണ്.

**50.** പൈലറ്റ് പരിശീലനം നൽകുന്നതിലേക്കായി മൾട്ടി എൻജിൻ വിമാനം പോലുള്ള മെച്ചപ്പെട്ട പരിശീലന ഉപകരണങ്ങളും കൂടുതലായി രണ്ടു ഒറ്റ എഞ്ചിൻ വിമാനങ്ങളും ഫ്ളൈറ്റ് സിമുലെയ്റ്ററുകളും ആർജ്ജിക്കുക വഴി ഡിജിസിഎ. (DGCA) യുടെ അംഗീകാരവും അനുമതിയും ലഭിച്ചിട്ടുള്ള രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതാണ്. അതിന്റെ സ്വന്തം കാമ്പസ്സിനുള്ള ശിലാസ്ഥാപനം ഈ മാസം തന്നെ നടത്തുന്നതാണ്.

**51.** എന്റെ സർക്കാരിന്റെ കഴിഞ്ഞ നാലരവർഷക്കാലത്തെ പ്രശംസനീയമായ പ്രവർത്തനംകൊണ്ട് സൗഹൃദപരമായ ഒരു പ്രവർത്തനാന്തരീക്ഷം സംസ്ഥാനത്ത് സൃഷ്ടിക്കുകയും അതുവഴി ഒരു ക്ഷേമാധിഷ്ഠിത പുരോഗമനോൻമുഖ സമൂഹം കെട്ടിപ്പടുക്കുവാൻ കഴിഞ്ഞിട്ടുള്ളതുമാണ്. സംഘടിതമായ വിലപേശൽ സുഗമമാക്കുന്നതിനും വ്യാവസായിക സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകളുടെ ബാഹുല്യം നിയന്ത്രിക്കുന്നതിനും വേണ്ടി ട്രേഡ് യൂണിയനുകളുടെ അംഗീകരണം വ്യവസ്ഥ ചെയ്യുക എന്ന ലക്ഷ്യത്തോടെ സുപ്രധാന നിയമമായ 2010-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ആക്റ്റ് എന്റെ സർക്കാർ അധിനിയമം ചെയ്യുകയുണ്ടായി. സംസ്ഥാനത്തെ അറുപത്തി അഞ്ച് ലക്ഷം വരുന്ന അസംഘടിത തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുംവിധം മിനിമം വേജസ് ആക്റ്റിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 82 തൊഴിൽ മേഖലകളിൽ 42 മേഖലകൾ കുറഞ്ഞകൂലി നിശ്ചയിക്കുകയോ പുതുക്കുകയോ ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന മേഖലകളെകൂടി വിജ്ഞാപനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. എന്റെ സർക്കാർ പ്ലാന്റേഷൻ സ്റ്റഡി കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ചിട്ടുള്ളതും ആയത് നടപ്പാക്കി വരുന്നതുമാണ്.

**52.** അസംഘടിതരായ ഗാർഹിക തൊഴിലാളികളുടേയും പൂജാരിമാർ ഒഴികെയുള്ള ക്ഷേത്ര ജീവനക്കാരുടേയും അഭിവൃദ്ധിക്കായി ഒരു പുതിയ പദ്ധതി ഏർപ്പെടുത്തുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തൊഴിലിനിടയിൽ അപകടമരണം സംഭവിക്കുന്ന മരം കയറ്റക്കാരുടെ കുടുംബങ്ങൾക്കായി ഒരു പെൻഷൻ പദ്ധതിയും കൂടി ഏർപ്പെടുത്തുന്നതാണ്. എന്റെ

സർക്കാർ ഓരോ അഞ്ചംഗ കുടുംബത്തിനും സർക്കാർ, സഹകരണ, എംപാനൽഡ് സ്വകാര്യ ആശുപത്രികൾ മുഖേന ₹ 30,000 ചികിത്സാ സൗകര്യങ്ങൾ നൽകിക്കൊണ്ട് കേരളത്തിലെ എ പി എൽ, ബി പി എൽ കുടുംബങ്ങളെ ഉൾപ്പെടുത്തി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിരംഗത്ത് നാഴികക്കല്ലായ ആർ എസ്സ് ബി വൈ (RSBY)-ഉം സി എച്ച് ഐ എസ്സ് (CHIS)-ഉം, നടപ്പാക്കിയിട്ടുണ്ട്. ആദ്യ വർഷം തന്നെ ആർ എസ് ബി വൈ യുടെ കീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളെയും ഉൾക്കൊള്ളിക്കുകയും എ പി എൽ കുടുംബങ്ങളിലേക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുകയും ചെയ്ത രാജ്യത്തെ ഒരേയൊരു സംസ്ഥാനം എന്റെ സംസ്ഥാനമാണെന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. എന്റെ സർക്കാർ ആർ എസ് ബി വൈ നടപ്പാക്കുന്നതിൽ മുൻകൈയെടുക്കൽ, പുതുമവരുത്തൽ, സ്ഥാപനരൂപീകരണം എന്ന നിലയിലുള്ള അതിന്റെ വിശിഷ്ടമായ അർപ്പണബോധത്തിന് ഭാരത സർക്കാരിൽ നിന്ന് തുടർച്ചയായി രണ്ട് പ്രമുഖ ദേശീയ അവാർഡുകൾ ആദ്യവർഷത്തിൽ സ്വീകരിക്കുകയും രണ്ടാം വർഷത്തിൽ ബെസ്റ്റ് യൂട്ടിലൈസേഷൻ റേറ്റിനുള്ള അംഗീകാരം നേടുകയുമുണ്ടായി. എന്റെ സർക്കാർ, ആർ എസ് ബി വൈ യുടെയും സി എച്ച് ഐ എസി-ന്റെയും കീഴിൽ 35 ലക്ഷത്തോളം കുടുംബാംഗങ്ങൾക്ക് അർബുദത്തിനും വൃക്കരോഗത്തിനും ഹൃദ്രോഗത്തിനും അധിക വൈദ്യ ചികിൽസാ സഹായമായി എഴുപതിനായിരം രൂപ വരെ നൽകുന്ന 'സി എച്ച് ഐ എസ് പ്ലസ് ' എന്ന പുതിയ പദ്ധതി തുടങ്ങും. കശുവണ്ടി, കയർ, സിലിക്ക, മൽസ്യത്തിന്റെ തോലു നീക്കംചെയ്യൽ പോലുള്ള പാരമ്പര്യ വ്യവസായങ്ങളിൽ മെച്ചപ്പെട്ട തൊഴിൽ സാഹചര്യം

ഉറപ്പു വരുത്തുന്നതിലേക്ക് കൊല്ലത്ത് ഒരു ഒക്കുപ്പേഷണൽ ഹെൽത്ത് സെന്റർ സ്ഥാപിക്കും. ഇഎസ്ഐ ആനുകൂല്യം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. സൂപ്പർ സ്പെഷ്യാലിറ്റി, സ്പെഷ്യാലിറ്റി ആശുപത്രികളുടെ പട്ടികയിൽ കൂടുതൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തുന്നതാണ്. സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്. വിധവകളുടെയും വിവാഹമോചിതരായ സ്ത്രീകളുടെയും ഉപേക്ഷിക്കപ്പെട്ട ഭാര്യമാരുടെയും 30 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെയും പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാരുടെയും ഉന്നമനത്തിനായി 'ശരണ്യ' എന്ന ഒരു പുതിയ സ്വയം തൊഴിൽ പദ്ധതി എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് അൻപതിനായിരം രൂപ നൽകുന്നതും അതിൽ അൻപത് ശതമാനം സർക്കാർ സബ്സിഡി ആയിരിക്കുന്നതുമാണ്.

**53.** കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ പദ്ധതി രൂപീകരണത്തിലും അതിന്റെ നടപ്പാക്കലിലും പട്ടികജാതികളുടെയും പട്ടികഗോത്രവർഗ്ഗത്തിന്റെയും വികസനത്തിന് പരമ പ്രാധാന്യം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ കാലയളവിൽ, സർക്കാരിന്റെ ഈ മേഖലയിലെ നേട്ടങ്ങളിൽ ഇത് പ്രതിഫലിച്ചിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ വിനിയോഗം കഴിഞ്ഞ കാലങ്ങളിലെ ശരാശരി ശതമാനമായ 65-70% ആയിരുന്നിടത്ത് 2006-07 മുതൽ ആരംഭിക്കുന്ന നാലു വർഷക്കാലയളവിൽ 90%-ത്തിന് മുകളിലും കഴിഞ്ഞ വർഷം അത് 99.8% എന്ന റിക്കോർഡ് സംഖ്യയിലും എത്തുകയുണ്ടായി. ഈ കാലയളവിൽ വിദ്യാഭ്യാസത്തിന് പരമപ്രാധാന്യം

നൽകിയിരുന്നു. പ്രീ-പ്രൈമറി മുതൽ പ്രൊഫഷണൽ കോഴ്സ് തലം വരെ വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. മിക്കവാറും എല്ലാ സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിലെയും വിദ്യാർത്ഥികൾക്ക് ഉയർന്ന നിരക്കിലുള്ള ഫീസ് ആനുകൂല്യം നൽകിയിട്ടുണ്ട്. ഈ മേഖലയിലെ ചെലവ് പലമടങ്ങ് വർദ്ധിക്കുന്നതിന് ഇത് ഇടയാക്കിയിട്ടുള്ളതും, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ മാത്രം ചെലവ് 120 കോടി രൂപയിൽ കവിഞ്ഞിട്ടുള്ളതുമാണ്. ആനുകൂല്യങ്ങളുടെ വിതരണത്തിനുവേണ്ടി ആരംഭിച്ച ഇ-ഗ്രാന്റ്സ് പദ്ധതി വൻ വിജയമായിരിക്കുകയാണ്.

**54.** പട്ടികജാതിക്കാരുടെയും പട്ടികഗോത്രവർഗ്ഗക്കാരുടെയും പുനരധിവാസമാണ് എന്റെ സർക്കാർ പ്രാധാന്യം നൽകിയിട്ടുള്ള മറ്റൊരു മേഖല. 50,000-ത്തിലേറെ പട്ടികജാതിയിലെയും 16,000-ത്തിലേറെ പട്ടികഗോത്രവർഗ്ഗത്തിലെയും കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനുള്ള സഹായം നൽകുകയുണ്ടായി. കൂടാതെ 10,000-ത്തോളം പട്ടികജാതി കുടുംബങ്ങൾക്ക് വസ്തു വാങ്ങുന്നതിന് ധനസഹായം നൽകുകയും 21,000 പട്ടികഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുകയും ചെയ്തു. മിക്കവാറും എല്ലാ ക്ഷേമപദ്ധതികളുടെയും ആനുകൂല്യ നിരക്ക് വർദ്ധിപ്പിക്കുകയുണ്ടായി. മാരകരോഗബാധിതരായ ഗോത്രവർഗ്ഗക്കാരുടെ ചികിൽസയ്ക്കായി ഒരു നൂതന സമഗ്ര മെഡിക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കടക്കെണിയിൽപ്പെട്ട് റവന്യൂ റിക്കവറി നേരിടുന്ന പട്ടികജാതിയിലെയും പട്ടികഗോത്രവർഗ്ഗത്തിലെയും പരിവർത്തിത ക്രൈസ്തവ വിഭാഗത്തിലെയും പാവപ്പെട്ട കുടുംബങ്ങൾക്കുവേണ്ടി 'കടബാദ്ധ്യത എഴുതിത്തള്ളൽ പദ്ധതി' നടപ്പാക്കിയത് എന്റെ

സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടങ്ങളിൽ ഒന്നാണ്. കെ പി സി ആർ സ്കോളർഷിപ്പുകളുടെ നിരക്ക് വർദ്ധിപ്പിക്കുന്നതിനു പുറമേ, ഹയർ സെക്കന്ററി വിദ്യാർത്ഥികളിലെ പിന്നാക്ക വിഭാഗത്തിൽ പെടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

**55.** വേഗത്തിൽ സ്വാധീനിക്കപ്പെടാവുന്ന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി ₹ 148 കോടി ചെലവ് വരുന്ന ഒരു സമഗ്ര പദ്ധതി ഈ വർഷം ആരംഭിക്കുന്നതാണ്. ഈ പദ്ധതി, പട്ടികഗോത്ര വർഗ്ഗത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ഈ വിഭാഗങ്ങൾക്ക് ഭൂമിയും വീടുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഉപജീവന മാർഗ്ഗങ്ങളും നൽകിക്കൊണ്ട് അവരുടെ സമഗ്രമായ ഉന്നമനം ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

**56.** വനാവകാശ നിയമത്തിൻ കീഴിൽ ഇതിനകം തന്നെ 14,500 ഗോത്ര കുടുംബങ്ങൾക്ക് ഉടമസ്ഥാവകാശം വിതരണം ചെയ്തിട്ടുള്ളതും 5,000 പേർക്കുള്ള ഉടമസ്ഥാവകാശം വിതരണത്തിന് തയ്യാറായിട്ടുള്ളതുമാണ്. കൂടാതെ 3,000 കുടുംബങ്ങൾക്ക് വനത്തിന് പുറത്തുള്ള ഭൂമി നൽകുകയുണ്ടായി. വയനാട്ടിലെ ഭൂരഹിതരായ എല്ലാ ആദിവാസികൾക്കും എന്റെ സർക്കാർ ഭൂമി വാങ്ങി വിതരണം ചെയ്യുന്നതാണ്. ഈ വർഷം തന്നെ എറണാകുളത്ത് ട്രൈബൽ കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. ഇ എം എസ് ഭവന പദ്ധതിയും, ഐ എ വൈയും മറ്റ് ഭവന പദ്ധതികളും നടപ്പാക്കുക വഴി ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ പാർപ്പിട ആവശ്യകത 2011-12 അവസാനത്തോടെ സാക്ഷാത്കരിക്കപ്പെടും. ചേലക്കരയിലും

കുഴൽമന്ദത്തുമായി രണ്ടു മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. ഈ സ്ക്കൂളുകൾക്കായുള്ള കെട്ടിട നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കും.

**57.** 1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്റ്റ് എല്ലാ അർത്ഥത്തിലും നടപ്പിലാക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നതും, പ്രസ്തുത ആക്റ്റിന് സുപ്രീം കോടതി ഈയിടെ സാധൂകരണം നൽകിയിട്ടുള്ളതുമാണ്. പി ഒ എ കുറ്റങ്ങളുടെ വിചാരണക്കായി മഞ്ചേരിയും കൽപ്പറ്റയും ആസ്ഥാനങ്ങളാക്കി സഞ്ചരിക്കുന്ന പ്രത്യേക കോടതികൾ ആരംഭിക്കുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് യഥാസമയം സഹായം ലഭിക്കുമെന്ന് എന്റെ സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ട്.

**58.** സംസ്ഥാനത്ത് ശേഷിയിൽ വ്യത്യാസമുള്ള എല്ലാ ആളുകൾക്കും ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകളും തിരിച്ചറിയൽ കാർഡുകളും നൽകുന്നതിന് എന്റെ സർക്കാർ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ശേഷിയിൽ വ്യത്യാസം തിരിച്ചറിയൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. 2,31,000 തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തു കഴിഞ്ഞു. 95 പുതിയ ഐ സി ഡി എസ് പ്രോജക്റ്റുകൾ ആരംഭിച്ചിട്ടുണ്ട്. അംഗൻവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ശാരീരികവും മാനസികവുമായ രോഗങ്ങളാൽ ശയ്യാവലംബികളായ രോഗികളെ പരിചരിക്കുന്ന കുടുംബാംഗങ്ങളോ ബന്ധുക്കളോ

ആയവരും അതുമൂലം അവരുടെ ജീവസന്ധാരണത്തിനായി തൊഴിലെടുക്കാൻ കഴിയാത്തവരുമായ, രോഗികളെ പരിപാലി ക്കുന്നവരെ സഹായിക്കുന്നതിനുവേണ്ടി എന്റെ സർക്കാർ 'ആശ്വാസ കിരണം പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്.

**59.** എന്റെ സർക്കാർ, ശയ്യാവലംബരായ എൻഡോ സൾഫാൻ ദുരിതബാധിതർക്ക് പ്രതിമാസം ₹ 2000 വീതവും മറ്റ് തരത്തിലുള്ള എൻഡോസൾഫാൻ ദുരിതബാധിതർക്ക് ₹ 1000 വീതവും സാമ്പത്തികസഹായം നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതും അവർക്ക് സൗജന്യ വൈദ്യചികിത്സക്കായി സ്മാർട്ട് കാർഡുകൾ വിതരണം ചെയ്തിട്ടുള്ളതും ആണ്. എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനു വേണ്ടി സൗജന്യ വൈദ്യസഹായോപകരണങ്ങൾ, സൗജന്യ വിദ്യാഭ്യാസ സൗകര്യം, ദുരിതബാധിതർക്ക് വേണ്ടി പ്രത്യേകം സ്ക്കൂളുകൾ, തൊഴിലവസരങ്ങൾ, തൊഴിലധിഷ്ഠിത പരിശീലനം, സൗജന്യ റേഷൻ, മൊബൈൽ മെഡിക്കൽ യൂണിറ്റ്, കൗൺസിലിംഗ്, പാലിയേറ്റീവ് കെയർ എന്നിവയ്ക്കുള്ള പദ്ധതികളും ആരംഭിക്കുന്നതാണ്. വനിതാ സംഘടനകളുടെ സഹായത്തോടെ കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മഞ്ചേരി എന്നീ സ്ഥലങ്ങളിൽ നാല് പുതിയ ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിക്കുന്നതാണ്. അവിവാഹിതരായ അമ്മമാരെയും അവരുടെ കുട്ടികളെയും പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതി ആരംഭിക്കുന്നതാണ്. വയനാട്ടിലും ഇടുക്കിയിലും പുതിയ മഹിളാ മന്ദിരങ്ങൾ ആരംഭിക്കുന്നതാണ്. ഇടുക്കിയിൽ പുതിയ ഒബ്സർവേഷൻ ഹോമുകൾ ആരംഭിക്കുന്നതാണ്. വൃദ്ധജനങ്ങൾക്ക് പരിരക്ഷയും സംരക്ഷണവും നൽകുന്നതിനുവേണ്ടി ഒരു പുതിയ വൃദ്ധസദനം

എറണാകുളത്ത് (വൈപ്പിനിൽ) ആരംഭിക്കുന്നതാണ്. വികലാംഗർക്കും വികലാംഗർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾക്കും അംഗനവാടി ജീവനക്കാർക്കും സഹായികൾക്കുമുള്ള സംസ്ഥാന കാഷ് അവാർഡ് തുക വർദ്ധിപ്പിക്കുന്നതാണ്.

**60.** രാജ്യത്തിന് മാതൃകയായിതീർന്നിട്ടുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങളിൽ എന്റെ സർക്കാരിന് വളരെ അഭിമാനമുണ്ട്. ഞങ്ങൾ അവയെ പുനഃസംഘടിപ്പിക്കുകയും നവീകരിക്കുകയും ചെയ്തിട്ടുണ്ട്. അവയുടെ ആധുനികവൽക്കരണവും വികസനവും ആണ് ഇനിയുള്ള ലക്ഷ്യം. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള പൊതുമേഖലാ സ്ഥാപനപരിസരങ്ങളിൽ എന്റെ സർക്കാർ സപ്പോർട്ടു വ്യവസായങ്ങളും/അനുബന്ധ വ്യവസായങ്ങളും ആരംഭിക്കും. പരമ്പരാഗത മേഖലയിൽ എന്റെ സർക്കാരിന്റെ ശ്രമങ്ങൾക്ക് ഫലം കണ്ടുതുടങ്ങിയിരിക്കുന്നു. ഖാദി, കൈത്തറി, ഈറ്റ തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ഇപ്പോൾ മെച്ചപ്പെട്ട പ്രതിഫലം ലഭിക്കുന്നു. പാലക്കാട്-കോയമ്പത്തൂർ ഇപ്പോൾത്തന്നെ ഒരു വ്യവസായ മേഖലയായി മാറിയിട്ടുണ്ട്. കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോർ ഈ വർഷം ആരംഭിക്കുന്നതാണ്. രാജ്യത്തെ ഇത്തരത്തിലുള്ള ആദ്യത്തെ സംരഭമായ ഹൈസ്പീഡ് റെയിൽ കോറിഡോർ പ്രോജക്റ്റ് എന്റെ സർക്കാരിന്റെ ഒരു സ്വപ്ന പദ്ധതിയാണ്. ഈ ആവശ്യത്തിലേക്കായി ഒരു കമ്പനി സ്ഥാപിച്ചുകൊണ്ട് ഈ പദ്ധതിയുടെ നടത്തിപ്പിന് ആക്കം കൂട്ടുന്നതാണ്. ക്ലസ്റ്റർ അധിഷ്ഠിത വികസനത്തിൽ എന്റെ സർക്കാർ ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്. എൻജിനീയറിംഗ് ക്ലസ്റ്റർ, റൈസ് ക്ലസ്റ്റർ, ഫുട്വെയർ ക്ലസ്റ്ററുകൾ, ഫർണിച്ചർ

ക്ലസ്റ്റർ എന്നിവ അവയിൽ ചിലതു മാത്രമാണ്. പ്രധാനപ്പെട്ട മറ്റു മേഖലകളിലേക്കും ഈ സമീപനരീതി വ്യാപിപ്പിക്കുന്നതാണ്.

**61.** ഖാദി പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ കാലത്ത് എന്റെ സർക്കാർ മെഗാ ഖാദി സിൽക്ക് മേളകൾ സംഘടിപ്പിക്കുന്നതാണ്. ഏലൂരിലെ കണ്ടയിനർ ഫ്രെയിറ്റ് സ്റ്റേഷന്റെ നിർമ്മാണം ഈ വർഷം പൂർത്തിയാക്കുന്നതാണ്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ കാർഗോ ടെർമിനൽ വള്ളക്കടവിലേക്ക് മാറ്റി സ്ഥാപിക്കുന്നതാണ്. വിലപിടിപ്പുള്ള ധാതുക്കൾ വേർതിരിച്ചെടുക്കുന്നതിന് ഒരു മിനറൽ സെപ്പറേഷൻ പ്ലാന്റ് ഈ വർഷം ആരംഭിക്കുന്നതാണ്. വ്യാപാര പ്രദർശനങ്ങൾ, ബിസിനസ് മീറ്റുകൾ, കൺവെൻഷനുകൾ, വ്യാപാര പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനായി ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു അന്തർദ്ദേശീയ വ്യാപാര കൺവെൻഷൻ സെന്റർ കൊച്ചിയിൽ സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വ്യവസായ പാർക്കുകളുടെ വികസനത്തിനായി അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി പ്രയോജനപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ചെറുകിട വ്യവസായ സംരംഭകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പന്ത്രണ്ട് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. മറൈൻ പാർക്കിന്റെ നിർമ്മാണം ഈ വർഷം പൂർത്തിയാക്കുന്നതാണ്. ലൈഫ് സയൻസ് പാർക്ക്, ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് എന്നിവ ഈ വർഷം സ്ഥാപിക്കും. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ചീമേനിയിൽ ഒരു മെഗാ പവർ പ്രോജക്ട് സ്ഥാപിക്കുന്നതാണ്. അന്തർദ്ദേശീയ നിലവാരത്തിൽ ഒരു 'ഓഷ്യനേറിയം' കൊച്ചിയിൽ

സ്ഥാപിക്കുന്നതിന് എൻെറ സർക്കാർ ആരംഭം കുറിച്ചിട്ടുണ്ട്. ഇത് നമ്മുടെ സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഒരു അനുഗ്രഹമായിരിക്കും.

**62.** സംസ്ഥാനത്തിന്റെ വിഭവങ്ങളിന്മേൽ അമിതഭാരം ഏൽപ്പിക്കാതെ അഭ്യസ്തവിദ്യരായ ജനങ്ങൾക്ക് ഉന്നത നിലവാരമുള്ള തൊഴിൽ നൽകാൻ കഴിയുന്ന, ലോകത്തിലെ അതിവേഗം വളരുന്ന സാമ്പത്തിക മേഖലയാണ് വിവര സാങ്കേതിക വിദ്യ എന്നത് എന്റെ സർക്കാർ തിരിച്ചറിയുന്നു. എമ്പാടുമുള്ള ഐ.റ്റി. വ്യവസായത്തിന്റെ വേഗത്തിലുള്ള വളർച്ചയെത്തുടർന്ന് ഇന്ത്യയിൽ ഐ. റ്റി. നിക്ഷേപത്തിന് മികച്ചതും ഏറ്റവും പ്രിയപ്പെട്ടതുമായ ലക്ഷ്യസ്ഥാനങ്ങളിൽ ഒന്നായി കേരളം ഇതിനകം മാറിയിട്ടുണ്ട്. ടാറ്റാ കൺസൽട്ടൻസി സർവ്വീസസ്, ഇൻഫോസിസ് ടെക്നോളജീസ് ലിമിറ്റഡ്, വിപ്രോ എന്നിവപോലെയുള്ള പ്രമുഖ കമ്പനികൾ സംസ്ഥാനത്ത് വൻതോതിൽ നിക്ഷേപം നടത്തുവാൻ തുടങ്ങിയിട്ടുണ്ട് എന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പ്രശസ്തമായ ധാരാളം ദേശീയ -അന്തർദ്ദേശീയ സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ മുന്നോട്ടു വന്നത് കേരളം രാജ്യത്തെ ഒരു ഐ.ടി. പവർഹൗസായി മാറാൻ പോകുക യാണെന്നത് സംശയാതീതമായി തെളിയിക്കുന്നു. എന്റെ സർക്കാർ, തിരുവനന്തപുരത്ത് കഴക്കൂട്ടം-കോവളം ബൈപാസിനോട് ചേർന്ന് 25 കിലോമീറ്റർ ഐ.ടി. കോറിഡോർ സ്ഥാപിക്കുന്നതിൽ അതിവേഗം മുന്നേറുകയാണ്. ടെക്നോപാർക്ക് ഇപ്പോൾ 4.5 മില്യൺ ചതുരശ്ര അടി വിസ്തൃതിയിൽ ഇരുന്നൂറിലധികം ഐ.റ്റി/ ഐ.റ്റി അധിഷ്ഠിത സർവ്വീസ് കമ്പനികൾ ഉൾക്കൊള്ളുന്നതും ഐ.റ്റി/ഐ.റ്റി അധിഷ്ഠിത സർവ്വീസുകളിൽ 28,000 പേർക്ക്

ഉയർന്ന ശമ്പളത്തോടുകൂടി പ്രത്യക്ഷ തൊഴിൽ നൽകുകയും ചെയ്യുന്നുണ്ട്. ധാരാളം ഐ.ടി./ബയോടെക്നോളജി വ്യവസായ ങ്ങളെയും മറ്റു ഹൈടെക് വ്യവസായങ്ങളെയും ഈ മേഖലയിലേക്ക് ആകർഷിക്കുന്ന ഒരു കേന്ദ്രമായി ഐ.ടി. കോറിഡോർ ഉയർന്നുവരുമെന്ന് പറയുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.

**63.** പൂർണ്ണമായും പൂർത്തികരിച്ചു കഴിയുമ്പോൾ ആകെ 2,00,000 ഐ.റ്റി/ഐ.റ്റി അധിഷ്ഠിത സർവ്വീസ് പ്രൊഫഷണലുകൾക്ക് നേരിട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന കൊല്ലത്തെ ടെക്നോപാർക്ക് ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, മൂന്നാം ഘട്ടവും ടെക്നോ സിറ്റി പ്രത്യേക സാമ്പത്തിക മേഖലാ പദ്ധതിയും വികസിപ്പിക്കുന്ന പ്രക്രിയയിലാണ് എന്റെ സർക്കാർ. ടെക്നോപാർക്കിന്റെ വികസനത്തിനു പുറമേ, അടിസ്ഥാന സൗകര്യ വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സോഫ്റ്റ്വെയർ കയറ്റുമതി തുടങ്ങി സമസ്ത മേഖലകളിലും ഇൻഫോ പാർക്ക് കേരളയുടെ പ്രവർത്തനങ്ങൾ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇൻഫോപാർക്ക് ഒന്നാം ഘട്ടത്തിന് ഏകദേശം 31 ലക്ഷം ചതുരശ്ര അടി സ്ഥലം ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. 2012 അവസാനത്തോടുകൂടി കൊച്ചിയിലെ ഇൻഫോപാർക്ക് ഒന്നാം ഘട്ടത്തിന് 51 ലക്ഷം ചതുരശ്ര അടി സ്ഥലം ഉണ്ടാകും എന്ന് നിങ്ങളെ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. 2009 ഒക്ടോബർ മുതൽ പ്രവർത്തനമാരംഭിച്ച സംസ്ഥാനത്തെ മൂന്നാമത്തെ ഐ.ടി. പാർക്കായ കൊരട്ടിയിലെ ഇൻഫോപാർക്ക് ഇപ്പോൾ ഏകദേശം മൂന്നൂറ്റി അൻപതോളം പേർക്ക് തൊഴിൽ നൽകുന്ന 24 കമ്പനികൾ ഉൾക്കൊളളുന്നതാണ്. സംസ്ഥാനത്തെ നാലാമത്തെ

ഐ.ടി പാർക്ക് ആയ ചേർത്തല ഇൻഫോപാർക്കിനു ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ റെക്കോഡ് സമയമായ രണ്ടു വർഷത്തിനുള്ളിൽ ലഭ്യമാക്കുകയും 2.4 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള ആദ്യ ഐ.ടി.കെട്ടിടത്തിന്റെ ഒന്നാം ഘട്ടം 2011 ജനുവരിയിൽ പൂർത്തിയാക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തു. ബി.പി.ഒ. മേഖലയിൽ ഗ്രാമീണ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കു തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി എന്റെ സർക്കാർ ടെക്നോലോഡ്ജ് പദ്ധതി എന്ന പേരിൽ ഒരു പുതിയ സംരംഭത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. പതിനൊന്ന് ടെക്നോലോഡ്ജ് സെന്ററുകൾക്ക് ഇതിനകം അനുമതി നൽകിക്കഴിഞ്ഞതായി നിങ്ങളെ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

**64.** സമഗ്രമായ മൊബൈൽ ഗവേണൻസ് പ്ലാറ്റ്ഫോം ഉൾപ്പെടെയുള്ള നിരവധി ഇ-ഗവേണൻസ് പദ്ധതികൾ എന്റെ സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കുകയും സംസ്ഥാനത്തെ ജനങ്ങൾക്ക് മുപ്പതിൽപ്പരം മൊബൈൽ സേവനങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഇ-ഗവേണൻസിന്റെ പരിധി വർദ്ധിപ്പിക്കുകയും ആരോഗ്യരംഗത്തെ അടിസ്ഥാനഘടകങ്ങളുടെ വിശദാംശങ്ങൾ സാർവത്രികമായി പൗരന്മാർക്ക് ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക എസ് എം എസ് സംവിധാനം വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പൗരന്മാർക്കും സർക്കാർ വകുപ്പുകൾക്കും ഫീസുകൾ ഓൺലൈൻ ആയി അടക്കാനും സ്വീകരിക്കാനും ഉതകുന്ന തരത്തിൽ സംസ്ഥാനത്ത് ഇ-പേമെന്റ് ഗേറ്റ്‌വേ നടപ്പിലാക്കാനുള്ള നടപടികളും എടുത്തിട്ടുണ്ട്.

**65.** പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പ്രധാനപ്പെട്ട ഉപാധിയാണ് ഇ-ഗവേണൻസ് എന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു. ഈ വർഷം അക്ഷയ

പദ്ധതിയെ സംബന്ധിച്ച് ഒരു പ്രധാനപ്പെട്ട വർഷമായിരുന്നു. അത് നിലവിലുള്ള സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിയതു കൂടാതെ പുതിയ നിരവധി സേവനങ്ങൾക്ക് തുടക്കം കുറിക്കുകയും അതുവഴി മുൻവർഷത്തെ അപേക്ഷിച്ച് അതിന്റെ ശരാശരി വരുമാനം അഞ്ചു മടങ്ങ് (ഒരുകോടിരൂപ മാസം) ആയി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ഗവേണൻ സിൽ (ഇ-ലിറ്ററസി, ജി 2 സിയും ബി 2 സിയും സർവ്വീസുകൾ) മികവ് പുലർത്തുന്നതിന് നൽകുന്ന 2010-ലെ പ്രശസ്തമായ മന്ദൻ പുരസ്ക്കാരം അക്ഷയയ്ക്ക് ലഭിച്ചു എന്നു അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. കെൽട്രോണിനും ഐ.റ്റി. @ സ്ക്കൂളിനുമൊപ്പം യു ഐ ഡി- യെ എൻറോൾ ചെയ്യുന്നതിനുള്ള ഏജൻസിയായി അക്ഷയയെ നിയോഗിച്ചിട്ടുണ്ട്.

**66.** മെച്ചപ്പെട്ട രീതിയിലുള്ള വിനോദ സഞ്ചാരം, സുസ്ഥിര വികസന രീതികൾ പുതിയ ഉൽപ്പന്നങ്ങൾ നിരന്തരം കണ്ടെത്തുന്നതിനും, ഉല്പന്നങ്ങളുടെ വിപണനത്തിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിലും ഊന്നൽ നൽകിക്കൊണ്ട് ടൂറിസം ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ റവന്യൂ വരുമാനം ഉണ്ടാക്കുന്ന വ്യവസായമായി തീർന്നിട്ടുണ്ട്. ടൂറിസം വികസനത്തിൽ കേരളം ഒരു നിലവാരം സ്ഥാപിച്ചിട്ടുണ്ട്. കേരള ടൂറിസം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ മാത്രമല്ല ലോകത്തിലെ മറ്റ് രാഷ്ട്രങ്ങൾക്കും ഒരു മാതൃകയായി മാറിയിട്ടുണ്ട്.

**67.** അഷ്ടമുടി ലേയ്ക്ക് ക്രൂയിസ് സർക്യൂട്ടിന്റെ വികസനം, കേരള കലാമണ്ഡലത്തെ ഒരു സാംസ്ക്കാരിക ടൂറിസം ഡെസ്റ്റിനേഷൻ ആയി വികസിപ്പിക്കൽ, ആലപ്പുഴ ഹെറിറ്റേജ് സിറ്റി

ഡെസ്റ്റിനേഷൻ വികസനം, കൊല്ലത്തെ ക്ലാപ്പന വില്ലേജിലെ റൂറൽ ടൂറിസം പ്രോജക്ടുകൾ മുതലായവ പോലെയുള്ള ടൂറിസം ഡെസ്റ്റിനേഷന്റെയും സർക്യൂട്ടുകളുടെയും വികസനവുമായി ബന്ധപ്പെട്ട വൻകിട പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ ആണ്. മുസിരീസ് ഹെറിറ്റേജ് പ്രോജക്ടിന്റെ പരിപാലനത്തിനായി ഒരു വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. വ്യവസായ-വാണിജ്യ വകുപ്പുകളെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് ടൂറിസം വകുപ്പ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. ഈ ഫെസ്റ്റിവൽ കേരളത്തിലുടനീളം 2010 ഡിസംബർ 1 മുതൽ 2011 ജനുവരി 15 വരെയാണ് സംഘടിപ്പിച്ചത്. റവന്യൂ വരുമാനത്തിൽ ഗണ്യമായ വർദ്ധനവാണ് 2010 ഡിസംബറിൽ ഉണ്ടായിട്ടുള്ളത്.

**68.** ടൂറിസം ഡസ്റ്റിനേഷനുകളിലെ സൗകര്യങ്ങളുടെ കാര്യനിർവ്വഹണത്തിനായി ഉത്തരവാദിത്തപ്പെട്ട ഏജൻസികളുടെ അഭാവമാണ് സംസ്ഥാനത്തെ ടൂറിസം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന്. എന്റെ സർക്കാർ, അതിനാൽ , പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ 'ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ' രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. മൂന്നാറിലും ആലപ്പുഴയിലും ടൂറിസം വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും വയനാടിനെ സംബന്ധിച്ച് ആയതിനുള്ള തയ്യാറെടുപ്പിലുമാണ്. ഇന്ന് ടൂറിസം വ്യവസായം നേരിടുന്ന മുഖ്യപ്രശ്നങ്ങളിലൊന്ന്. പ്രസ്തുത വ്യവസായത്തിന്റെ ആവശ്യം നിറവേറ്റുന്നതിനുവേണ്ട പരിശീലനം സിദ്ധിച്ച ആളുകളുടെ അഭാവമാണ്. ഈ സാഹചര്യത്തിൽ ആണ് നിലവിലുള്ള *ഹോട്ടലുകളിലെയും ട്രാവൽ ആന്റ് ടൂർ ഓപ്പറേഷൻ*

കമ്പനികളിലേയും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി 'ലെറ്റ്അസ്ലേൺ' എന്ന പേരിൽ നൂതനമായ ഒരു മാനവവിഭവ ശേഷി സംരംഭത്തിന് കേരള ടൂറിസം രൂപം നൽകിയിട്ടുള്ളത്.

**69.** കേരളത്തിൽ മുന്തിയ പരിഗണന നൽകുന്ന ഒരു പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. വിഴിഞ്ഞം തുറമുഖത്തിനായുള്ള പരിഷ്ക്കരിച്ച കർമ്മപദ്ധതിക്ക് എന്റെ സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതും കണക്റ്റിവിറ്റിയോടു കൂടിയുള്ള അടിസ്ഥാനസൗകര്യ വികസനം ഏറ്റെടുത്തിട്ടു ള്ളതുമാണ്. ഈ ആവശ്യത്തിനായി അതിവേഗ അടിസ്ഥാനത്തിൽ നൂറ്റിഇരുപത് ഹെക്ടർ വിസ്തീർണ്ണം വരുന്ന ഭൂമി ഏറ്റെടുത്തിട്ടുള്ളതും റോഡ്, ട്രക്ക് ടെർമിന , ബാക്ക് അപ് ഏരിയ മുതലായവയ്ക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടി അന്തിമഘട്ടത്തിൽ എത്തിയിട്ടുള്ളതുമാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നേതൃത്വത്തിൽ ബാങ്കുകളുടെ ഒരു കൺസോർഷ്യം വഴി സാമ്പത്തിക സഹായം ലഭ്യമാക്കിക്കൊണ്ട് രണ്ടായിരത്തി അഞ്ഞൂറ് കോടി രൂപ ആവശ്യമായിവരുന്ന ഒന്നാം ഘട്ട വികസനത്തിനായി ലാന്റ്ലോർഡ് മാതൃകയിൽ ഉള്ള ഒരു വികസന ഘടനയ്ക്കാണ് എന്റെ സർക്കാർ അംഗീകാരം നൽകി യിട്ടുള്ളത്. പദ്ധതിക്ക് ആവശ്യമായ സാമ്പത്തിക വിഭവങ്ങൾ ഉറപ്പു വരുത്തുന്നതിനായി നിർദ്ദിഷ്ട ബാങ്കുകളുടെ കൺസോർഷ്യം പ്രവർത്തനസജ്ജമാക്കേണ്ടതാണ്. ഈ ആവശ്യത്തിനായി ഭൂമി വിട്ടു കൊടുക്കേണ്ടി വന്നവരുടെ പുനരധിവാസത്തിനു വേണ്ടിയുള്ള പദ്ധതിയുടെ നടത്തിപ്പിനായി ആവശ്യമായ സാമ്പത്തിക വിഭവങ്ങൾ നൽകുന്നതാണ്.

**70.** ബേപ്പൂരിൽ , ലക്ഷദ്വീപ് ട്രാഫിക്കിന് ആവശ്യമായ വാർഫ് സൗകര്യങ്ങൾ നൽകുന്നതിനായി ലക്ഷദ്വീപ് ഭരണകൂടവുമായി ഒരു ധാരണാപത്രം അംഗീകരിച്ചിട്ടുണ്ട്. ഈ വർഷം ആലപ്പുഴ തുറമുഖത്തെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (PPP) മറീന കം കാർഗോ ഹാർബർ ആയി വികസിപ്പിക്കുന്നതിന് തുടക്കമിടുന്നതാണ്. ₹ 20 കോടി ചെലവിൽ കൊല്ലം തുറമുഖത്തെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്തിന്റെ ₹ 160 കോടി ചെലവുവരുന്ന തുടർ വികസന പ്രവർത്തനങ്ങൾ ഈ വർഷം ഏറ്റെടുക്കുന്നതാണ്. പൊന്നാനി തുറമുഖത്തിന്റെ വികസനം ഈ വർഷം ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് രണ്ടു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്ന ആവശ്യത്തിലേക്കായി എന്റെ സർക്കാർ കേരള മാരിടൈം സൊസൈറ്റി സ്ഥാപിച്ചിട്ടുണ്ട്. ഭാരത സർക്കാർ ഷിപ്പിംഗ് ഡയറക്ടർ ജനറലിന്റെ അംഗീകാരത്തോടെ മാരിടൈം മേഖലയിൽ വിവിധ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ബോട്ട് ജോലിക്കാർക്കും മാരിടൈം മേഖലയിൽ തൊഴിൽ എടുക്കുന്ന മറ്റു ജീവനക്കാർക്കും പരിശീലനം നൽകുന്നതിനായി പ്രാരംഭ നടപടി എന്ന നിലയിൽ നീണ്ടകരയിലും കാസറഗോഡുള്ള മീഞ്ചയിലും രണ്ടു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

**71.** കേരളത്തിൽ നിലവിൽ ചെറുകിട തുറമുഖങ്ങൾ, തീരദേശ കപ്പൽ ഗതാഗതം, ഉൾനാടൻ ജലഗതാഗതം, എന്നിവയുടെ വികസനം തുറമുഖം, ജലസേചനം, ഫിഷറീസ് എന്നീ വകുപ്പുകൾ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളും കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ ലിമിറ്റഡും കേരള *സംസ്ഥാന ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ തുടങ്ങിയ*

ഏജൻസികളുമാണ് നടത്തിപ്പോരുന്നത്. മാരിടൈം മേഖലയിലുള്ള വിവിധ ഏജൻസികളുടെ ഫലപ്രദമായ ഏകോപനത്തിന്റെ അഭാവം മൂലം നിരവധി ബുദ്ധിമുട്ടുകളാണ് ഇപ്പോൾ അനുഭവപ്പെടുന്നത്. സംസ്ഥാന മാരിടൈം ബോർഡിന്റെ രൂപീകരണം മാരിടൈം മേഖലയിൽ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സഹായകമാകും. എന്നുമാത്രമല്ല , ഫലപ്രദമായ തീരദേശ സുരക്ഷാ സംവിധാനം ഉറപ്പാക്കുന്നതിന് മാരിടൈം ബോർഡിന്റെ രൂപീകരണം തികച്ചും അനിവാര്യമാണ്. ഒരു പ്രാരംഭ നടപടി എന്ന നിലയിൽ, തുറമുഖവകുപ്പ്, ഹൈഡ്രോഗ്രാഫിക് സർവ്വേവിംഗ്, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ ലിമിറ്റഡ് എന്നിവയെ ബോർഡിൽ ലയിപ്പിക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാന മാരിടൈം ബോർഡിന്റെ രൂപീകരണം സംബന്ധിച്ചുള്ള നിയമനിർമ്മാണം അതിന്റെ അന്തിമ ഘട്ടത്തിലാണ്.

**72.** സംസ്ഥാനത്തിന്റെ ചിരകാല സ്വപ്നമായിരുന്ന തിരുവനന്തപുരത്തെ അന്താരാഷ്ട്ര വിമാനത്താവളത്തിലെ പുതിയ ടെർമിനൽ യാഥാർത്ഥ്യമായിരിക്കുകയാണ്. സംസ്ഥാന സർക്കാർ, ആഭ്യന്തര ടെർമിനലും അതിന്റെ അനുബന്ധ സൗകര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ടെർമിനൽ വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് സൗജന്യമായി കൈമാറുന്നതാണ്. കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്തശേഷം തറക്കല്ലിട്ടു കഴിഞ്ഞു. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളത്തിൽ ഒരു എഞ്ചിനീയറിംഗ് ബേസ് സ്ഥാപിക്കുന്നതിന് എയർ ഇന്ത്യയ്ക്ക് 15 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ സൗജന്യമായി നൽകിയിട്ടുണ്ട്. അതിന്റെ

നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഈ ബേസ് സംസ്ഥാനത്തിന്റെ വികസനത്തോടൊപ്പം എയർ ഇന്ത്യയുടെ പ്രവർത്തനവും ത്വരിതപ്പെടുത്തുന്നതാണ്. ഇടുക്കിയുടേയും മൂന്നാറിന്റേയും ടൂറിസം സാദ്ധ്യത കണക്കിലെടുത്ത് എന്റെ സർക്കാർ ഇടുക്കിയിൽ ഒരു "ഗ്രീൻ ഫീൽഡ് എയർപോർട്ട്" സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**73.** കേരള സർക്കാരിന്റെ നിലവിലുള്ള ഗതാഗത അടിസ്ഥാന സൗകര്യ വികസന നയസമീപനം പ്രാഥമിക റോഡു ശൃംഖലകളുടെ വികസനം, എല്ലാ കാലാവസ്ഥകളെയും അതിജീവിക്കുന്നതിനു പര്യാപ്തമായ കോറിഡോർ കണക്റ്റിവിറ്റി സ്ഥാപിക്കൽ എന്നീ ഇരട്ടലക്ഷ്യങ്ങളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. സാമ്പത്തിക വികസനത്തിന്റെ നിരക്ക് താരതമ്യേന താഴ്ന്ന തലത്തിലാണെങ്കിൽപോലും സാമൂഹിക വികസനത്തിന്റെ സൂചകങ്ങൾ വിസ്മയാവഹമാണെന്നതിനാൽ സംസ്ഥാനത്തിന് ആഗോളതലത്തിൽ അംഗീകാരമുണ്ട്. നിക്ഷേപം നടത്തുന്നതിനുള്ള മുൻഗണനാ മേഖലയായി എന്റെ സർക്കാർ ഗതാഗത മേഖലയെ കണ്ടെത്തിയിട്ടുള്ളതും ആയതിന് പ്രവർത്തനരംഗത്തും നയസമീപനത്തിലും സാരമായ മാറ്റം വേണ്ടിവരുന്നതുമാണ്.

**74.** 1.52 ലക്ഷം കി.മീ. ദൈർഘ്യം വരുന്ന ചതുഷ്തല റോഡ് ശൃംഖലയാണ് കേരളത്തിനുള്ളത്. ഇടമുറിയാത്ത റോഡുകളോടു കൂടിയ ഫലപ്രദമായ ഗതാഗത ശൃംഖലയിൽ 24000 കി.മീ. ദൈർഘ്യം വരുന്ന ദേശീയപാതകളും (NH) സംസ്ഥാന പാതകളും (SH) പ്രധാന ജില്ലാ റോഡുകളും (MDR) ഉൾപ്പെട്ടിരിക്കുന്നു. മത്സ്യബന്ധനവും അനുബന്ധ പ്രവർത്തന

ങ്ങളോടുമൊപ്പം മാരിടൈം വ്യാപാരം മുഖേനയും സാമ്പത്തിക പുരോഗതിയ്ക്കുള്ള ബൃഹത്തായ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ഭൂമിശാസ്ത്രപരമായി ഭാരതത്തിന്റെ പശ്ചിമ തീരത്തോട് ചേർന്നുള്ള സംസ്ഥാനത്തിന്റെ കിടപ്പ് സഹായകരമാണ്. വൻകിട തുറമുഖങ്ങളിലെയും കണ്ടെയ്നർ ടെർമിനലുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ ഏകീകരിക്കുന്നതിനോടൊപ്പം ചെറുകിട തുറമുഖങ്ങളുടെ വളർച്ചയ്ക്കും വികസനത്തിനുമായി പശ്ചിമതീര എക്സ്പ്രസ്സ്‌വേ ആവശ്യമുള്ളതും ആയത് സമീപത്തുള്ള, കാസറഗോഡു മുതൽ തിരുവനന്തപുരം വരെ നീണ്ടുകിടക്കുന്ന, ദേശീയപാതാശൃംഖലയ്ക്ക് ഒരു പോഷക അനുബന്ധ റോഡായി വർത്തിക്കുന്നതുമാണ്. സംസ്ഥാനത്ത് നിലവിലുള്ള റോഡു ശൃംഖല, ഗ്രാമപ്രദേശത്തുള്ള റോഡുകൾ മുതൽ ദേശീയ പാതവരെ വിവിധ ഭൗതിക ഘടനയുള്ള റോഡുകൾ ഉൾപ്പെടുന്നതും അതിൽ ഭൂരിഭാഗവും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം കൊണ്ട് വികസിപ്പിച്ചവയുമാണ്. ബ്ലോക്കുകൾക്കും ജില്ലയ്ക്കും ഇടയിലും ബ്ലോക്കുകൾ തമ്മിലുമുള്ള കണക്റ്റിവിറ്റി ഇപ്പോഴും അപര്യാപ്തമാണ്. നിലവിലുള്ള പ്രാഥമിക റോഡു ശൃംഖല സംയോജിപ്പിച്ചു കൊണ്ട് ബ്ലോക്ക് ആസ്ഥാനങ്ങൾ തമ്മിലും താലൂക്ക് ആസ്ഥാനങ്ങൾ തമ്മിലും അവിടെ നിന്നും ജില്ലാ ആസ്ഥാന പട്ടണങ്ങളിലേയ്ക്കും റോഡ് ഏർപ്പെടുത്തുന്നതിനാണ് കോറിഡോർ ഇന്റഗ്രേഷൻ പ്രോഗ്രാം ഊന്നൽ നൽകുന്നത്. ദേശീയ പാതകളിലേക്കും എംസി റോഡിലേക്കും മറ്റു പ്രധാന റോഡുകളിലേക്കും എളുപ്പത്തിൽ എത്തിച്ചേരുന്നതിന് മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് കാസറഗോഡ് മുതൽ തിരുവനന്തപുരം വരെ നീളുന്ന ഒരു മലയോര ഹൈവേ നിർമ്മിക്കുന്നതിനും കൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**75.** കേരള സംസ്ഥാനത്തുടനീളം ചെറുതോടുകൾ മുതൽ ഭാരതപ്പുഴയും പെരിയാറും പോലെയുള്ള വലിയ നദികളിൽ വരെ നിരവധി പാലങ്ങൾ ഉണ്ട്. മർമ്മപ്രധാനമായ ചില പാലങ്ങൾ ഭൗതികമായി ബലക്ഷയം സംഭവിച്ച അവസ്ഥയിൽ ആകുകയും അതുപോലെതന്നെ ഗതാഗതത്തിന്റെ തോതിലുണ്ടായ ബൃഹത്തായ വർദ്ധനവുമൂലം ഉപയോഗത്തിന് പര്യാപ്തമല്ലാതായി തീരുകയും ചെയ്തിട്ടുണ്ട്. ഈ പാലങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വീതി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ പോലും പാലങ്ങൾ ഇടുങ്ങിയ അവസ്ഥയിൽ തന്നെ തുടരുന്നതിനാൽ ഗതാഗതത്തിന്റെ സുഗമമായ ഒഴുക്കിന് ഇത് വിഘാതമായി നിൽക്കുന്നു. സംസ്ഥാന ഹൈവേകളിലെയും പ്രധാന ജില്ലാ റോഡുകളിലെയും പാലങ്ങൾ വരും വർഷങ്ങളിൽ ഉണ്ടാകാനിടയുള്ള ഗതാഗത വർദ്ധനവിനനുസൃതമായി അത്യാധുനിക അന്തർദ്ദേശീയ സാങ്കേതിക നിലവാരത്തോടെ രൂപ കല്പന ചെയ്ത് പുനർ നിർമ്മാണം നടത്തുന്നതിനുള്ള ഉദ്യമവും കൂടി എന്റെ സർക്കാർ ഏറ്റെടുത്തു നടത്തുന്നതാണ്.

**76.** കേരള സംസ്ഥാനത്തിന് 1.52 ലക്ഷം കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് ശൃംഖലയുള്ളതും അതിൽ ഭൂരിഭാഗവും ഗ്രാമപ്രദേശങ്ങളിലുള്ള റോഡുകളും മറ്റ് ജില്ലാ റോഡുകളുമാണ്. സംസ്ഥാനത്ത് ഉഷ്ണമേഖലാ കാർഷിക കാലാവസ്ഥാ സവിശേഷതകളോടൊപ്പം ഉയർന്ന റോഡ് സാന്ദ്രതയുമുണ്ട്. ഭൂമിയുടെ ലഭ്യതയിലുള്ള കുറവ് റോഡുകളുടെ വികസനത്തിന് ബുദ്ധിമുട്ടുണ്ടാക്കുകയും ഭൂമി ഏറ്റെടുക്കേണ്ടിവരുമ്പോൾ അർഹമായ നഷ്ടപരിഹാര തുക നൽകേണ്ടിവരുന്നതുവഴി റോഡുകളും പുതിയ കോറിഡോറുകളും നിർമ്മിക്കുന്നതിനുള്ള

ചെലവ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ, ഭൂരിഭാഗം റോഡ് ശൃംഖലകളുടെയും നിലവിലുള്ള രൂപകല്പനയും ഉറപ്പും എല്ലാ കാലാവസ്ഥകളെയും അതിജീവിക്കുന്നതിന് പര്യാപ്തമല്ല . ആറുമാസത്തിലേറെക്കാലം ഇടമുറിയാതെ നീണ്ടു നിൽക്കുന്ന മൺസൂൺ കാലത്ത് സംസ്ഥാനത്തെ റോഡുകളുടെ ഉപരിതലം ഏറെക്കുറെ പൂർണ്ണമായും ഒലിച്ചുപോകുന്നതും പ്രധാന ഭാഗങ്ങളിൽ കുണ്ടും കുഴിയും ഉണ്ടാകുന്നതും പൊതുമരാമത്ത് വകുപ്പിന് ഉൽക്കണ്ഠ ഉളവാക്കുന്ന ഒരു പ്രധാന കാര്യമാണ്. സിമന്റ് കോൺക്രീറ്റ് റോഡ് നിർമ്മാണം, കോൾഡ് മില്ലിംഗ് റോഡ് നിർമ്മാണം, കാർബൺ കോൺക്രീറ്റ് റോഡ് നിർമ്മാണം, ബിറ്റുമെൻ മെക്കാഡം റോഡ് നിർമ്മാണം എന്നിവ പോലെയുള്ള റോഡ് നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമുള്ള നൂതന സാങ്കേതിക വിദ്യകളുടെ സംയോജിപ്പിക്കൽ സംസ്ഥാനത്തെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഏകീകരിക്കുന്നതിനും നവജീവൻ പകരുന്നതാണ്. വരും വർഷങ്ങളിൽ എല്ലാ കാലാവസ്ഥകൾക്കും അനുയോജ്യമായ റോഡുകൾക്കായി, റോഡുനിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും നിലവിലുള്ള പഴയ സാങ്കേതികവിദ്യയ്ക്കു പകരം ആഗോള നിലവാരത്തിലുള്ള പുതിയ സാങ്കേതികവിദ്യ കൊണ്ടു വരുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**77.** നിലവിൽ പൊതുമരാമത്തു വകുപ്പിലെ മരാമത്തു പണികൾ ഈ രംഗത്ത് കുത്തക പുലർത്തുന്ന എണ്ണത്തിൽ പരിമിതമായ കരാറുകാർ മുഖേനയാണ് നടത്തി വരുന്നത്. ഇക്കാരണത്താൽ ഈ മേഖലയിൽ മത്സരമുണ്ടാകുന്നില്ല.

തൽഫലമായി മരാമത്തുപണിയുടെ ഗുണനിലവാരം കുറയുന്നതിനും കൂലിനിരക്കുകൾ ഉയരുന്നതിനും ഇടയാകുന്നു. ഈ മേഖലയിലേക്ക് പുതിയ കരാറുകാരെ കണ്ടെത്തുന്നതിനായി മതിയായ സാങ്കേതിക യോഗ്യത നേടിയ നവാഗതരെ പരിശീലനം നൽകി ഈ രംഗത്ത് കൊണ്ടുവരുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**78.** റോഡുകളുടെ നിർമ്മാണവും അവയുടെ സംരക്ഷണവും സോഷ്യൽ ആഡിറ്റും മോണിറ്ററിംഗും ഏർപ്പെടുത്തുവാൻ എൻെറ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റും, എം.എൽ എ-യും, എ. ഇ യും അടങ്ങുന്ന ഒരു പഞ്ചായത്ത് തല സോഷ്യൽ ആഡിറ്റ് ടീം രൂപീകരിക്കുന്നതാണ്. ജോലിയുടെ പേര്, അതിൻെറ എസ്റ്റിമേറ്റ്, കോൺട്രാക്ടറുടെ പേര്, പൂർത്തീകരണ കാലാവധി മുതലായവപോലുള്ള ജോലിയുടെ വിശദാംശങ്ങൾ ജോലി ഏർപ്പാട് ചെയ്തിട്ടുള്ള തദ്ദേശപ്രദേശത്ത് പ്രദർശിപ്പിക്കുന്നതാണ്. ജോലിയുടെ പൂർത്തികരണത്തിനുശേഷം കോൺട്രാക്ടറുടെയും ബന്ധപ്പെട്ട എ.ഇ യുടെയും പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻെറയും കൈയ്യൊപ്പോടുകൂടിയ ഒരു നിശ്ചിതഫാറം എം.എൽ.എ യുടെ മേലൊപ്പോടുകൂടി ചീഫ് എഞ്ചിനീയർക്ക് നൽകേണ്ടതാണ്. ഇത് ജനങ്ങളോടുള്ള വകുപ്പിൻെറ സാമൂഹ്യ ഉത്തരവാദിത്വം ഉറപ്പുവരുത്തും.

**79.** സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ യൂണിറ്റുകൾ കാര്യക്ഷമമല്ല . ഈ സന്ദർഭത്തിൽ സംസ്ഥാനത്തെ പ്രധാന ഗുണനിയന്ത്രണ യൂണിറ്റായ തിരുവനന്തപുരത്തെ 'കേരളാഹൈവേ ഇൻസ്റ്റിറ്റ്യൂട്ട്' പ്രശസ്ത യൂണിറ്റുകളുടെ ഒരു ഉന്നത നികായമായി ഉയർത്തുന്നതാണ്. ആവശ്യമായ

വൈദഗ്ധ്യവും സൗകര്യങ്ങളും നൽകിക്കൊണ്ട് ഈ സ്ഥാപനത്തെ വേണ്ടത്ര സജ്ജീകരണങ്ങളോടുകൂടിയ ഒരു ഗവേഷണ കേന്ദ്രമായി വികസിപ്പിക്കുന്നതാണ്. അതോടൊപ്പം ഇതിൻെറ പ്രവർത്തനങ്ങൾ ജില്ലാതലത്തിലേക്ക് വികേന്ദ്രീകരിക്കുന്നതാണ്.

**80.** അഴിമതി വിരുദ്ധ ഭരണം ഉറപ്പുവരുത്തുന്നതിന് പിഡബ്ല്യുഡി-യുടെ കീഴിലുള്ള വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് സാദ്ധ്യമായ എല്ലാ ശ്രമങ്ങളും എൻെറ സർക്കാർ എടുക്കുന്നതാണ്. ഐജി ഓഫ് പോലീസിൻെറ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ വിജിലൻസ് വിഭാഗത്തിൻെറ തലവനായി നിയമിക്കുന്നതാണ്. ബന്ധപ്പെട്ടവർക്ക് ജോലിനൽകുന്നതിലും, പണം നൽകുന്നതിലും, സുതാര്യതയും ഉത്തരാവാദിത്വവും ഉറപ്പുവരുത്തുന്നതിന് എൻെറ സർക്കാർ ഇ-ടെൻഡറും ഇ-പേയ്മെൻ്റും സമ്പ്രദായം ഏർപ്പെടുത്തുന്നതാണ്.

**81.** സംസ്ഥാനത്തെ പൊതു ഗതാഗതത്തിലെ കെഎസ്സ്ആർടിസി-ക്കുള്ള ഓഹരി 2005-2006-ൽ 13 ശതമാനത്തിൽനിന്നും 2010-2011-ൽ 27 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കെഎസ്ആർടിസി വർക്കുഷോപ്പുകളിൽ നിന്നും 2610 പുതിയ ബസ്സുകൾ നിർമ്മിക്കുകയുണ്ടായി. ജെഎൻഎൻയുആർഎം പദ്ധതിയുടെ കീഴിൽ അൻപത് തിരു-കൊച്ചി സർവ്വീസുകളും 46 ശീതീകരിച്ച വോൾവോ ലോഫ്ളോർ ബസ്സുകളും 62 ശീതീകരിയ്ക്കാത്ത ലോഫ്ളോർ ബസ്സുകളും തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ അനുവദിച്ചിട്ടുണ്ട്. 2011-2012 സാമ്പത്തിക വർഷക്കാലയളവിൽ 1000 പുതിയ കെഎസ്സ്ആർടിസി ബസ്സുകൾ ആരംഭിക്കുന്നതാണ്.

ബസ്സ്ടെർമിനലുകളിൽ സ്വയം ശുദ്ധീകരിക്കുന്ന ആട്ടോമേറ്റഡ് ടോയിലറ്റ് സൗകര്യം കൊണ്ടുവരുന്നതാണ്. ഓൺലൈൻ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തുകയും എല്ലാ പുതിയ ബസ്സുകളും ഇൻഷ്വർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് 19,783 പുതിയ നിയമനങ്ങൾ കെഎസ്ആർടിസിയിൽ നടത്തിയിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ളക്സോടു കൂടിയ ഒരു പുതിയ ബസ്സ്ടെർമിനൽ അങ്കമാലിയിൽ ഉത്ഘാടനം ചെയ്തിട്ടുണ്ട്. സമാനമായ പദ്ധതികൾ തിരുവനന്തപുരത്തും, തിരുവല്ലയിലും, കോഴിക്കോട്ടും പുരോഗമിച്ചുവരുന്നു. മലപ്പുറത്തും, കരുനാഗപ്പള്ളിയിലും, നെടുമങ്ങാട്ടും, തൊടുപുഴയിലും, പാലക്കാട്ടും പുതിയ പദ്ധതികൾക്ക് രൂപം നൽകുന്നു.

**82.** എന്റെ സർക്കാർ, എല്ലാ മോട്ടോർ വാഹന ആഫീസുകളിലും അപേക്ഷകളുടെ സത്വരമായ തീർപ്പാക്കലിനു വേണ്ടി 'ഫാസ്റ്റ്ട്രാക്ക്' കൗണ്ടറുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. നികുതിയടയ്ക്കുന്നതിന് 'ഇൗപേയ്മെന്റ്' സൗകര്യവും സ്മാർട്ട്കാർഡും കൗതുക നമ്പറുകൾ അനുവദിക്കുന്നതിനു വേണ്ടിയുളള പുതിയ പദ്ധതിയും പൂർത്തീകരണത്തോടടുക്കുക യാണ്. റോഡ് സുരക്ഷാ അതോറിട്ടിയുടെ ഫലപ്രദമായ പ്രവർത്തനവും ആധുനികവൽക്കരിക്കപ്പെട്ട ഉപകരണങ്ങളുടെയും റോഡ്സേഫ്റ്റി ക്ലബ്ബുകളുടെയും ഏർപ്പെടുത്തലും മൂലം അപകടനിരക്ക് സാരമായി കുറഞ്ഞിട്ടുണ്ട്. മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ 10 ഇലക്ട്രോണിക് വേയിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതാണ്. എല്ലാ മോട്ടോർ വാഹന ചെക്ക്പോസ്റ്റു കളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതാണ്.

**83.** ജലഗതാഗത്തിൽ യാത്രാക്കാർക്കും തൊഴിലാളികൾക്കും വേണ്ടി മൂന്നുവർഷത്തേക്കുള്ള ഇൻഷ്വറൻസ് ഈ വർഷം ഉറപ്പാക്കുന്നതാണ്. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി എല്ലാ ബോട്ടുകളിലും സ്റ്റേഷൻ ആഫീസുകളിലും വാർത്താവിനിമയ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ജലഗതാഗത സേവനത്തിനു വേണ്ടി 11 ബോട്ടുകൾ കൂടി ലഭ്യമാക്കുന്നതാണ്. ഏഴ് സ്റ്റീൽ ബോട്ടുകൾകൂടി നിർമ്മിക്കുന്നതാണ്. കെഎസ്ആർടിസി-യിലെ പോലെ സംസ്ഥാന ജലഗതാഗതവകുപ്പിൽ ഇലക്ട്രോണിക് ടിക്കറ്റിംഗ് യന്ത്രം ഏർപ്പെടുത്തുന്നതാണ്. മേൽത്തട്ടോടുകൂടിയ വിനോദസഞ്ചാരാധിഷ്ഠിതമായ 'സീ കുട്ടനാട്' സർവ്വീസ് 2011-ൽ ആരംഭിക്കുന്നതാണ്. കെറ്റിഡിഎഫ്സി-യുടെ എല്ലാ ബിഒടി പദ്ധതിയും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. സമഗ്രമായ ഒരു ഗതാഗതനയം രൂപീകരിക്കുന്നതാണ്.

**84.** ഭാരത സർക്കാരിൻെറ അംഗീകാരം പ്രത്യാശിച്ചുകൊണ്ട് എൻെറ സർക്കാർ തനതായ വിഭവങ്ങളോടുകൂടി കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുണ്ട്. ₹ 158.68 കോടിയ്ക്കുള്ള പ്രാരംഭ ജോലികൾ നിർവ്വഹിക്കുന്നതിന് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഭരമേൽപ്പിച്ചിട്ടുണ്ട്. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻെറ രീതിയിൽ കൊച്ചി മെട്രോ റെയിൽ പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിന് ഭാരത സർക്കാരിനെ എൻെറ സർക്കാർ നിരന്തരം അനുനയിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പാലക്കാട് ഒരു റെയിൽവേ കോച്ചുഫാക്ടറി സ്ഥാപിക്കുമെന്ന് ബഹുമാനപ്പെട്ട റെയിൽവേ മന്ത്രി 2008-2009-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു പ്രഖ്യാപനം

നടത്തിയിട്ടുണ്ട്. ഫാക്ടറിക്ക് ആവശ്യമായിട്ടുളള ആകെ വിസ്തീർണ്ണം 426 ഏക്കറാണ്. ഭൂമി റെയിൽവേക്ക് കൈ മാറുന്നതിന് തയ്യാറായിരിക്കുകയാണ്. എന്റെ സർക്കാർ, റെയിൽവേ നിർദ്ദേശിച്ച പദ്ധതിയുടെ സവിശേഷതകളോട്, പദ്ധതിയെ ഒരു സംയുക്ത സംരഭമായി മാറ്റുകയാണെങ്കിൽ ഭൂമിവില സംസ്ഥാന സർക്കാരിന്റെ ഇക്വിറ്റിയായി കണക്കാക്കാമെന്ന നിബന്ധനയ്ക്ക് വിധേയമായി യോജിച്ചിട്ടുണ്ട്. റെയിൽവേ ഇപ്പോൾ ഒരു പുതിയ നിർദ്ദേശം നൽകിയിട്ടുളളതും ആയത് എന്റെ സർക്കാരിന്റെ പരിഗണനയിലുമാണ്.

**85.** മുഴുവൻ ഭവനങ്ങളുടെയും വൈദ്യുതീകരണം കൈവരിക്കുന്ന ഭാരതത്തിലെ ആദ്യസംസ്ഥാനമായിത്തീരുവാൻ എന്റെ സർക്കാർ ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ നാലു ജില്ലകളെ പൂർണ്ണമായി വൈദ്യുതീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. 52 അസംബ്ലി മണ്ഡലങ്ങൾക്ക് നൂറുശതമാനം വൈദ്യുതീകരണം നേടാൻ കഴിഞ്ഞു. അവശേഷിക്കുന്നവ ഈ വർഷം പൂർത്തിയാക്കുന്നതാണ്. കേരള സംസ്ഥാന വൈദ്യുതിബോർഡിനെ പൊതു മേഖലയിലെ ലോകനിലവാരത്തിലുളള ഒരു സംയോജിത പവർ സെക്ടർ ഓർഗനൈസേഷനായി മാറ്റിക്കൊണ്ടിരിക്കുന്ന പ്രക്രിയയിലാണ് എന്റെ സർക്കാർ. ഇതിന് ഉൽപാദനശേഷിയിലെ വർദ്ധനവും പ്രസരണ വിതരണ ശ്യംഖലയെ ശക്തിപ്പെടുത്തിക്കൊണ്ടുളള പ്രസരണ വിതരണ (T & D) നഷ്ടങ്ങളിലെ കുറവും ആവശ്യമാണ്.

**86.** കഴിഞ്ഞ നാലുവർഷക്കാലയളവിൽ ഉൽപ്പാദനശേഷി 204 മെഗാവാട്ടായി ഉയർത്തുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഉൽപ്പാദനമേഖലയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികളുടെ

പൂർത്തീകരണത്തോടുകൂടി സ്ഥാപിതശേഷി 152.05 മെഗാവാട്ട്/ 491.52 മെഗായൂണിറ്റായി ഉയർത്തപ്പെടുന്നതാണ്. ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുൾപ്പെടെ 273.2 മെഗാവാട്ട് ശേഷിയുള്ള മറ്റ് 16 ഹൈഡൽ പദ്ധതികളുടെ ജോലി 2011-12 കാലയളവിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

**87.** സ്വകാര്യപങ്കാളിത്തത്തോടുകൂടി ഊർജ്ജമേഖലയിൽ കൂടുതൽ 'വിന്റ്'എനർജി' പദ്ധതികൾ ഏർപ്പെടുത്തിക്കൊണ്ട് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നും കൂടുതൽ ഊർജ്ജം ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേക പ്രധാന്യം നൽകുന്നതാണ്. കാസറഗോഡ് ജില്ലയിലെ ചീമേനി വില്ലേജിൽ, ഗ്യാസ് അടിസ്ഥാനമാക്കിയിട്ടുള്ള 1100-1200 മെഗാവാട്ട് പവർ പ്ളാന്റുകളും ബ്രഹ്മപുരത്ത് ഗ്യാസ് അടിസ്ഥാനമാക്കിയുള്ള 1026 മെഗാവാട്ട് പ്ളാന്റും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ബൈതർണി വെസ്റ്റ് ബ്ളോക്കിൽ നിന്നുള്ള കൽക്കരി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾകൂടി ആരംഭിക്കുന്നതാണ്. ഊർജ്ജ സംരക്ഷണത്തിന് എന്റെ സർക്കാർ പരമ പ്രാധാന്യം നൽകിക്കൊണ്ടിരിക്കുന്നു. 2010-ലെ എനർജി കൺസർവേഷൻ അവാർഡ് എനർജി മാനേജ്മെന്റ് സെന്ററിന് (EMC) ലഭിച്ചിട്ടുണ്ട്.

**88.** കൂട്ടായ ശ്രമങ്ങളിലൂടെ എന്റെ സർക്കാരിന് അതിന്റെ വനപ്രദേശങ്ങളെ സുസ്ഥിരമായി നിലനിർത്തുന്നതിന് മാത്രമല്ല അതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. എന്റെ സർക്കാർ, 1961-ലെ കേരള ഫോറസ്റ്റ് ആക്റ്റിലെ 4-ാം വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ച്, കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽ ഉൾപ്പെട്ട 17066.49 ഏക്കർ (6909.5083 ഹെക്ടർ)

വിസ്തൃതിയുള്ള ഭൂമി "സംരക്ഷിത വന"മായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതു ചേർന്നതോടുകൂടി സംസ്ഥാനത്തെ ആകെയുള്ള സംരക്ഷിതവനത്തിന്റെ വിസ്തൃതി 1137859 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. ഹരിതകേരളം, എന്റെ മരം, നമ്മുടെ മരം, ഹരിത തീരം, വഴിയോരതണൽ എന്നീ പദ്ധതികൾ മുൻപൊന്നുമില്ലാത്ത ചലനം സൃഷ്ടിക്കുകയും വൃക്ഷം നടീൽ പ്രചരണ പ്രവർത്തനങ്ങൾക്ക് അനുകൂലമായ അവബോധം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഈ മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാര സൂചകമായി, കേന്ദ്ര സർക്കാർ രണ്ടു തവണ അത്യധികം അഭിമാനാർഹമായ ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്ര അവാർഡ് നൽകി എന്റെ സർക്കാരിനെ ആദരിച്ചിട്ടുണ്ട്. കൂടാതെ യുഎൻഇപി-യും വനം വകുപ്പിന്റെ ഈ അതിബൃഹത്തായ നേട്ടത്തെ വൃക്ഷം നടീലിനുള്ള അതിന്റെ അംഗീകാരപത്രം നൽകി അംഗീകരിച്ചിട്ടുണ്ട്. ഹരിത കേരളം പദ്ധതിയുടെ രണ്ടാം ഘട്ടം 5-6-2010-ൽ അങ്കമാലിയിൽവച്ച് ഇന്ത്യയുടെ ആദരണീയനായ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൽ കലാം ഉദ്ഘാടനം ചെയ്യുകയുണ്ടായി. മനുഷ്യനും മൃഗങ്ങളുമായുള്ള ഏറ്റുമുട്ടൽ ഒഴിവാക്കുന്നതിനായി മർമ്മപ്രധാനമായ സ്ഥലങ്ങളിൽ അതിർത്തി മതിൽ കെട്ടുന്നതിനുള്ള ഒരു പദ്ധതി 8 ഫോറസ്റ്റ് ഡിവിഷനുകളിൽ നടപ്പാക്കിയിട്ടുണ്ട്. ഇതിനോടകം സ്ഥാപിച്ച 94 ഫോറസ്റ്റ് സ്റ്റേഷനുകൾക്കുപുറമെ, ഈ സാമ്പത്തിക വർഷം 10 ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഫോറസ്റ്റ് ജീവനക്കാർക്കും അതോടൊപ്പം ഇക്കാര്യത്തിൽ താല്പര്യമുള്ള മറ്റുള്ളവർക്കും അർത്ഥവത്തും ഉന്നതനിലവാരത്തിലുള്ളതുമായ വനശാസ്ത്ര വിദ്യാഭ്യാസം പകർന്നു നൽകുന്നതിനായി അരിപ്പയിൽ

ലോക നിലവാരത്തിലുള്ള ഒരു ഫോറസ്റ്റ് അക്കാഡമി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. കൊട്ടിയൂർ, ന്യൂ അമരാമ്പലം, തിരുനെല്ലി എന്നിവിടങ്ങളിൽ പുതിയ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ, സൈലന്റ് വാലിയിലെ ബഫർ സോണിനെക്കൂടി വന്യജീവി സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിക്കുന്നതാണ്.

**89.** പരിസ്ഥിതി നിർവ്വഹണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, സംസ്ഥാനത്തെ പരിസ്ഥിതി നിർവ്വഹണ പ്രവർത്തനങ്ങൾ ഫലപ്രദമായും ഉചിതമായും ഏകോപിപ്പിക്കുന്നതിനുവേണ്ടി 2010-ൽ പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും എന്ന ഒരു വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ, വിശിഷ്യാ സംസ്ഥാനത്തിന്റെ പ്രകൃതി വിഭവങ്ങളിൻമേലുള്ള പ്രതിപ്രവർത്തനങ്ങളെ കൈകാര്യം ചെയ്യുന്നതിന് ഒരു വിദഗ്ദ്ധനയം രൂപീകരിക്കുന്നതാണ്. എൻഡോസൾഫാന്റെ ഉപയോഗം സുരക്ഷിതമാണെന്ന് തെളിയിക്കുന്നതുവരെ അതിന്റെ ഏതു രൂപത്തിലുള്ള ഉപയോഗവും സംസ്ഥാനത്ത് നിരോധിച്ചുകൊണ്ടുള്ള വിജ്ഞാപനം എന്റെ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

**90.** ഗ്രീൻ ഹൗസ് വാതകങ്ങളുടെ പ്രസരണവും കാലാവസ്ഥാ വ്യതിയാനത്തിൽ അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെയും കുറിച്ചുള്ള വർദ്ധിച്ചുവരുന്ന ഉത്കണ്ഠ കണക്കിലെടുത്ത്, ഇപ്പോഴത്തെ ആവശ്യം ഗ്രീൻ സാങ്കേതികതയുടെ വ്യാപകമായ ഏറ്റെടുക്കലും, ഏറ്റവും താഴെത്തട്ടിലുള്ള അവയുടെ വിതരണം ശക്തിപ്പെടുത്തലുമാണ്. ഇതിന് മാർഗ്ഗനിർദ്ദേശകമായി, 2011-12-ൽ 25 പഞ്ചായത്തുകളിൽ ഗ്രീൻ ടെക്നോളജി സെന്ററുകൾ

സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഈ സെന്ററുകൾ കൃഷി, മൃഗസംരക്ഷണം, ഊർജ്ജം, ജലസംരക്ഷണം, ജലവിതരണം, മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള ശുചീകരണം തുടങ്ങിയ മേഖലകളിൽ ഇപ്പോൾ തികച്ചും അപര്യാപ്തവും അല്ലെങ്കിൽ നിലവിലില്ലാത്തതുമായ ഗ്രീൻ സാങ്കേതികതയുടെ വിപുലശ്രേണി പ്രദാനം ചെയ്യുന്നതും സംരക്ഷണ സേവനങ്ങൾ നൽകുന്നതുമായിരിക്കും.

**91.** സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ മുഴുവൻ യുവജനങ്ങൾക്കും വിവിധ തലങ്ങളിൽ അവരുടെ ഉന്നമനത്തിനായി പരിശീലനം നൽകുകയെന്ന കാഴ്ചപ്പാടോടെ "യുവശക്തി" എന്ന പേരിൽ അഭിമാനാർഹമായ ഒരു പദ്ധതി എന്റെ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. 2011 ജനുവരി 2 മുതൽ 5 വരെ തിരുവനന്തപുരം ജില്ലയിൽ സംസ്ഥാനതല കേരളോത്സവം നടത്തുകയുണ്ടായി. 2011 ജനുവരി 12 മുതൽ 16 വരെ രാജസ്ഥാനിലെ ഉദയപ്പൂരിൽ നടന്ന ദേശീയ യുവജനോത്സവത്തിൽ സംസ്ഥാനതല കേരളോത്സവത്തിൽ വിജയികളായവർ പങ്കെടുക്കുകയും അവർ നാടകം, നാടോടിപ്പാട്ട്, നാടോടിനൃത്തം എന്നിവയിൽ മൂന്ന് ഒന്നാം സമ്മാനങ്ങൾ നേടുകയും ചെയ്തു. യുവജനങ്ങളിലെ സാഹസിക വീര്യം പരിപോഷിപ്പിക്കുന്നതിന് പാരാഗ്ലൈഡിംഗ്, ട്രക്കിംഗ്, പർവ്വതാരോഹണം, വാട്ടർ സ്പോർട്സ് എന്നിവയും അതുപോലെയുള്ള സാഹസിക പരിപാടികളും നടത്തുകയുണ്ടായി. ദേവികുളത്തെ അഡ്വെഞ്ചർ അക്കാഡമി കൂടാതെ അതിന്റെ ഒരു ഉപകേന്ദ്രം കൂടി മുഴുപ്പിലങ്ങാടിയിൽ സ്ഥാപിച്ചിട്ടുണ്ട്. സാഹസിക പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി യൂത്ത് ക്ലബ്ബുകളിലേക്കുകൂടി സാമ്പത്തിക സഹായം വ്യാപിപ്പിച്ചിട്ടുണ്ട്.

**92.** എല്ലാ ജില്ലാ യൂത്ത് സെന്ററുകളിലും "ജാലകം" എന്ന പേരിൽ പ്രവർത്തിക്കുന്ന വിവര മാർഗ്ഗനിർദ്ദേശകകേന്ദ്രം ഇപ്പോൾ കമ്പ്യൂട്ടറും ഇന്റർനെറ്റും സൗകര്യങ്ങൾകൊണ്ട് പൂർണ്ണ സജ്ജമാക്കിയിട്ടുണ്ട്. കൗമാരക്കാരുടെ മാനസികവും വിദ്യാഭ്യാസപരവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും ടീൻസ് ക്ലബ്ബുകൾ രൂപീകരിക്കാനുള്ള നടപടികൾ എന്റെ സർക്കാർ ഇതിനോടകം തന്നെ എടുത്തിട്ടുണ്ട്. എന്റെ സർക്കാർ, ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും രക്ഷാപ്രവർത്തനങ്ങൾക്കും അഗ്നിശമന പ്രവർത്തനങ്ങൾക്കും പരിശീലനം നൽകിക്കൊണ്ട് "യുവകർമ്മ സേന" എന്ന പേരിൽ യൂത്ത് ഗ്രൂപ്പുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ ജില്ലകളിലും "യുവ അതിഥി മന്ദിരങ്ങൾ" ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. യുവജനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുമാത്രമായി ഒരു യൂത്ത് കമ്മീഷൻ രൂപീകരിക്കുന്നതാണ്.

**93.** എൻെറ സർക്കാർ തളരാത്ത ദൃഢനിശ്ചയത്തോടെ കഴിഞ്ഞ നാലുവർഷത്തിലേറെയായി സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിന് വളരെയധികം ശ്രദ്ധചെലുത്തിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസ് എറ്റവും ഉചിതമായ രീതിയിൽ നടത്തുന്നതിന് സംസ്ഥാനം തയ്യാറെടുത്തു കൊണ്ടിരിക്കുന്നു. കൂടാതെ, സംസ്ഥാന സ്പോർട്സ് കമ്മീഷന്റെ ശുപാർശ പ്രകാരം ഈ വർഷം തിരുവനന്തപുരത്ത് ഒരു സ്പോർട്സ് സർവ്വകലാശാല ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. സ്പോർട്സ് ശാസ്ത്രങ്ങളിൽ ഗവേഷണം നടത്തുന്നതിനു പുറമെ കായിക വിദ്യാഭ്യാസം, സ്പോർട്സ് പരിശീലനം മറ്റ് അനുബന്ധ

വിഷയങ്ങൾ എന്നിവയിൽ വിവിധ കോഴ്സുകളും സർവ്വകലാശാല നടത്തുന്നതാണ്. സംസ്ഥാനത്തിൻെറ ചരിത്രത്തിലാദ്യമായി ഒരു കായികനയം കൊണ്ടുവരുന്നതിനുകൂടി എൻെറ സർക്കാർ ഉദ്ദേശിക്കുന്നു. ഈ നയം, ഇപ്പോഴുള്ളതിനേക്കാൾ വലിയ തോതിൽ സംസ്ഥാനത്ത് സ്പോർട്സിന്റെയും ഗെയിംസിൻെറയും ഭാവിവികാസത്തിന് കളമൊരുക്കും. കൂടാതെ, ഇത് സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ ജനങ്ങളുടെയും ആരോഗ്യ കരമായ ജീവിതം ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഫിസിക്കൽ ഫിറ്റ്നസ്സ് മിഷന്റെ നിർദ്ദിഷ്ട ഘടന നിർവ്വചിക്കുകയും ചെയ്യും.

**94.** സംസ്ഥാനത്ത് 35-ാമത് ദേശീയ ഗെയിംസ് നടത്തുന്നതിൻെറ ഭാഗമായി, എന്റെ സർക്കാർ, ₹ 550 കോടി ചെലവിൽ ഏറ്റവും വികസിതമായ ആർട്ട് സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ വരുന്ന സ്ഥിതി സൃഷ്ടിക്കുന്നതാണ്. പ്രസ്തുത സൗകര്യങ്ങൾ സൃഷ്ടിക്കപ്പെട്ടുകഴിഞ്ഞാൽ സംസ്ഥാനം കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ് തുടങ്ങിയ ദേശീയവും അന്തർദ്ദേശീയവും ഉൾപ്പെടെയുള്ള ഏത് വലിയ കായികമേളയും നടത്തുന്നതിനുള്ള സ്ഥിതിയിലെത്തും. ഈയിടെ സമാപിച്ച കോമൺവെൽത്ത് ഗെയിംസിലും ഏഷ്യൻ ഗെയിംസിലും നമ്മുടെ അത്ലറ്റുകൾ കാഴ്ചവച്ച ആവേശത്തിൽ നിന്നും പ്രകടനത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് എൻെറ സർക്കാർ വരാൻ പോകുന്ന ഒളിംപിക്സിൽ ഒരു മെഡൽ നേടുക എന്ന ലക്ഷ്യത്തോടെ ഒരു ശ്രേഷ്ഠമായ അത്ലറ്റിക് പരിശീലന പരിപാടിയായ "ഗോ ഫോർ ഗോൾഡ്" എന്ന പേരുള്ള ഒരു നൂതനമായ പദ്ധതി ആരംഭിച്ചിരിക്കുന്നു. നിർമ്മാണം വളരെ

വൈകിയ പിരപ്പൻകോട് അന്തർദ്ദേശീയ സ്വിമ്മിംഗ് പൂൾ, ആറ്റിങ്ങലിലെ ശ്രീപാദം സ്റ്റേഡിയം, മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ എന്നിവ ഈ സാമ്പത്തിക വർഷത്തിനുമുൻപ് പൂർത്തിയാക്കും. പാലക്കാട് ഇൻഡോർ സ്റ്റേഡിയം, മലപ്പുറം ഫുട്ബോൾ അക്കാഡമി, കോട്ടയം ഇൻഡോർ സ്റ്റേഡിയം, കാഞ്ഞങ്ങാട് ഇൻഡോർ സ്റ്റേഡിയം, കോതമംഗലം സ്റ്റേഡിയം, മൂവാറ്റുപുഴ സ്റ്റേഡിയം എന്നിവ ഉൾപ്പെടെ എല്ലാ ജില്ലകളിലും സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതാണ്.

**95.** മോണസൈറ്റ്, ഇൽമനൈറ്റ്, റൂട്ടെയിൽ, സിർക്കോൺ, സിലിമനൈറ്റ്, ഗാർണറ്റ് എന്നിവയും അതുപോലെയുള്ള സമുദ്രതീര മണൽ ധാതുക്കളുടെയും ഏറ്റവും പ്രമുഖമായ ചില ഉറവിടങ്ങൾ കേരളത്തിലുണ്ട്. ഉചിതമായ മൂല്യവർദ്ധനയോടുകൂടി ഈ ധാതുക്കളെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തേണ്ടതായുണ്ട്. ആയതിന്, പുതിയ സാങ്കേതിക വിദ്യകൾ വികസിപ്പിക്കേണ്ടതുണ്ട്. ഹൈടെക് വ്യവസായങ്ങളുടെ വികസനത്തിന് തന്ത്രപ്രധാനമായ ധാതുക്കളിലേക്കുള്ള പ്രാപ്യത മുഖ്യ വിഷയമായി മാറിക്കൊണ്ടിരിക്കുന്നു. നാനോ ടെക്നോളജി വ്യവസായ മേഖലയെ വിപ്ലവാത്മകമാക്കുന്നു. കേരളത്തിന് അതിന്റെ അനന്യമായ ധാതുസമ്പത്ത് പ്രയോജനപ്പെടുത്തി ഉയർന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള അനന്ത സാദ്ധ്യതകളുണ്ട്. ഗവേഷണ നിയന്ത്രിതമായ ഈ വ്യവസായ വിഭാഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്രമായ ഒരു മികവിന്റെ കേന്ദ്രം, "കേരള മിനറൽസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്" സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

**96.** കേരളത്തിലെ പഴക്കംചെന്ന പരമ്പരാഗത വ്യവസായമായ കയർ വ്യവസായം സംസ്ഥാനത്തിന്റെ ഗ്രാമീണ സമ്പത്ത് വ്യവസ്ഥയിൽ മുഖ്യമായ പങ്കു വഹിക്കുന്നു. തീരദേശത്തെ 3.5 ലക്ഷത്തിലധികം ആളുകൾക്ക് ഇത് ജീവനോപാധി നൽകുന്നു, അതിൽത്തന്നെ 80 ശതമാനത്തോളവും സ്ത്രീകളാണെന്നത് ഒരുപക്ഷേ, ആധുനികവും പരമ്പരാഗതവുമായ ഏതൊരു വ്യവസായത്തിലെയും ഏറ്റവും ഉയർന്ന സ്ത്രീ പ്രാതിനിധ്യ മായിരിക്കും. പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി ഇപ്പോൾ ഒരു വൻ വിജയമാണെന്ന് തെളിയുകയും, തൊഴിലാളികളെയും ചെറുകിട ഉൽപ്പാദകരെയും ചൂഷണം ചെയ്യുന്നതിന്, പരസ്പര മൽസരം ഒഴിവാക്കുന്നതിന് ഒത്തുകൂടുന്ന "ഡിപ്പോകൾ" എന്നറിയപ്പെടുന്ന കുപ്രസിദ്ധ ഇടനിലക്കാരുടെ വിലങ്ങുകളിൽ നിന്ന് ചെറുകിട ഉൽപ്പാദകരെ മോചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കയർ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുകയും പ്രകടമായ ഫലം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. "കേരള കയർ മാർക്കറ്റിംഗ് കമ്പനി ലിമിറ്റഡ്" എന്ന പേരിൽ ഒരു പൊതു മേഖലാ കമ്പനി രൂപീകരിക്കുന്നതും അതിൽ കയർവ്യവസായത്തിൽ താല്പര്യമുള്ള എല്ലാവർക്കും ഉടമസ്ഥാവകാശം ഉണ്ടായിരി ക്കുന്നതുമാണ്. ഇപ്പോഴത്തെ ജീവിത നിലവാരത്തിനനുസരിച്ച് കയർ തൊഴിലാളികളുടെ വേതനം വീണ്ടും വർദ്ധിപ്പിക്കുന്നതും അതിനുവേണ്ടി വരുമാനസഹായ പദ്ധതിയിൻ കീഴിൽ സഹായം നൽകുന്നതുമാണ്.

**97.** എന്റെ സർക്കാർ, സംസ്ഥാനത്തെ പരമ്പരാഗത കള്ളുമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഗവേഷണ വികസന

പരിപാടികൾക്ക് തുടക്കം കുറിക്കുന്നതിന് ഉദ്ദേശിക്കുന്നു. മദ്യഉൽപ്പന്നങ്ങളുടെ ഗുണനിയന്ത്രണത്തിനുള്ള കാര്യക്ഷമമായ നടപടിയ്ക്കായി മായം ചേർക്കൽ ഉടനടിതന്നെ പരിശോധിക്കുന്നതിന് എല്ലാ ജില്ലകളിലും പുതിയ മദ്യപരിശോധന ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ എല്ലാ എക്സൈസ് ആഫീസുകൾക്കും സ്വന്തമായി കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതാണ്. പ്രധാന ചെക്ക് പോസ്റ്റുകളിൽ സ്കാനറുകൾ സ്ഥാപിക്കുന്നതാണ്. മദ്യപാന ശീലത്തിന്റെ അപകടകരമായ അവസ്ഥയ്ക്ക് കടിഞ്ഞാണിടുന്നതിന് എക്സൈസ് വകുപ്പ് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നതാണ്. മദ്യാസക്തിയിൽ പെട്ടുപോയവരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ടി, ലഹരിവിമുക്ത/ പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്.

**98.** അസംസ്കൃത കശുവണ്ടിയുടെ കാര്യക്ഷമമായ വിതരണത്തിനു വേണ്ടി കണ്ണൂർ, മലപ്പുറം, കാസറഗോഡ്, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ 5 പുതിയ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും കട്ടിംഗ് മെഷിനുകളും പീലിംഗിനും ഗ്രേഡിംഗിനുമുള്ള മേശകളും സ്ഥാപിച്ചുകൊണ്ടും സോളാർ ഫാനുകൾ/ലൈറ്റുകൾ മുതലായവ ലഭ്യമാക്കിക്കൊണ്ടും കാപ്പെക്സ് അതിന്റെ ഫാക്ടറികൾ നവീകരിക്കുന്നതാണ്. ആഭ്യന്തരവും അന്താരാഷ്ട്രവുമായ മാർക്കറ്റുകളുടെ വികസനത്തിനുള്ള കൂടുതൽ സാദ്ധ്യത ആരായുന്നതാണ്. അടുത്ത വർഷം എല്ലാ തൊഴിലാളികൾക്കും തുടർച്ചയായി തൊഴിൽ നൽകുന്നതാണ്.

**99.** 2011-12 കാലയളവിൽ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിന് കേരള സംസ്ഥാന കശുവണ്ടി വികസന

കോർപ്പറേഷൻ ഉദ്ദേശിക്കുന്നു. കശുവണ്ടി വികസന കോർപ്പറേഷൻെറ (CDC) കശുവണ്ടിയ്ക്കു വേണ്ടിയുള്ള അന്താരാഷ്ട്ര മാർക്കറ്റിൻെറ വികസന സാദ്ധ്യത ആരായും.

**100.** 2011-12 കാലയളവിൽ ₹ 425 ലക്ഷം മതിപ്പു ചെലവിൽ 5000 ഹെക്ടറിൽ കശുവണ്ടി കൃഷി ഏറ്റെടുക്കാൻ കെഎസ്എസിസി ഉദ്ദേശിക്കുന്നു. കശുവണ്ടി കർഷകർക്കുള്ള കഴിഞ്ഞ വർഷങ്ങളിലെ സബ്സിഡി കുടിശ്ശിക വിതരണം ചെയ്യുന്നതാണ്. കശുവണ്ടി കൃഷിയിൽ സമഗ്രമായ ഗവേഷണ പദ്ധതിക്കു വേണ്ടിയുള്ള തുക നീക്കി വെച്ചിട്ടുണ്ട്.

**101.** നോർക്ക വകുപ്പിന്റെ കീഴിലുള്ള എല്ലാ ഏജൻസികളെയും ഒരു കുരയുടെ കീഴിൽ കൊണ്ടുവരികയെന്ന കാഴ്ചപ്പാടോടുകൂടി നോർക്ക കേന്ദ്രം ഈ വർഷംതന്നെ പൂർത്തിയാക്കുന്നതാണ്. ഉദ്ദേശ്യപൂർവ്വമായതും ഉദ്ദേശ്യപൂർവ്വമല്ലാത്തതുമായ കുറ്റങ്ങളുടെ പേരിൽ ധാരാളം കേരളീയർ വിദേശത്തെ ജയിലുകളിൽ തളർത്തുന്ന സാഹചര്യങ്ങളിൽ കഴിയുന്നു എന്നത് സങ്കടകരമായ ഒരു വസ്തുതയാണ്. എന്റെ സർക്കാർ, ഈ വിഷയത്തിന് മുന്തിയ പരിഗണന നൽകുന്നതിനായി, വിദേശത്ത് ജയിലിലടയ്ക്കപ്പെട്ടവരുടെ സ്ഥിതിവിവര കണക്കുകൾ ചിട്ടയോടുകൂടി ശേഖരിക്കുന്നതിനും ഇവരുടെ മോചനം കാലേക്കൂട്ടി നേടുന്നതിന് വിദേശ മിഷനെയും മറ്റു വകുപ്പുകളെയും ഏകോപിപ്പിക്കുന്നതിനും ഒരു സ്പെഷ്യൽ സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്റെ സർക്കാർ, വിദേശത്തെ ഉദ്യോഗനിയമനം സുഗമമാക്കുന്നതിന് ഒരു കമ്പ്യൂട്ടർവത്കൃത തൊഴിൽ പ്രവേശന മാർഗ്ഗം ആരംഭിക്കുകയും നിയമപരമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് സുരക്ഷിതമായ കുടിയേറ്റം പ്രോത്സാഹിപ്പി

ക്കുന്നതിനുള്ള പ്രചരണങ്ങൾക്ക് നാന്ദി കുറിക്കുകയും ചെയ്തു. സുരക്ഷിതമാർഗ്ഗത്തിൽ വിദേശത്ത് കൂടുതൽ ജോലികൾ ലഭിക്കുന്നതിന് പ്രധാനപ്പെട്ട ഈ പ്രാരംഭപ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്. 2011-12-ൽ ജില്ലാ കളക്ടറേറ്റുകളിലെ നോർക്കാ സെല്ലുകൾ ശക്തിപ്പെടുത്തുന്നതാണ്. പ്രവാസി കേരളീയർക്കും (NRKs) തിരികെ വരുന്നവർക്കുമായി പുതുതായി രൂപീകരിച്ച കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് ഈ വർഷം തന്നെ പ്രവാസി പെൻഷൻ പദ്ധതി സമാരംഭിച്ചു.

**102.** മലയാള ഭാഷാചരിത്രവും കേരളത്തിന്റെ സാംസ്കാരിക പൈതൃകവും പരിചിതമാക്കുന്നതിന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും വിദേശത്തും താമസിക്കുന്ന പ്രവാസി കേരളീയരുടെ കുട്ടികൾക്ക് അവസരം നൽകുന്നതിനുവേണ്ടി മുഖ്യമന്ത്രി ചെയർമാനായി 22-10-2009-ൽ മലയാളം മിഷൻ ആരംഭിച്ചു. ഡൽഹിയിലെ രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും സജീവമായ പങ്കാളിത്തത്തോടെ ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പാഠ്യപദ്ധതി പാഠപുസ്തകങ്ങളും അദ്ധ്യാപക/രക്ഷാകർത്തൃ കൈപ്പുസ്തകങ്ങളും 2011 ജൂൺ മാസം ആരംഭിക്കുന്ന അദ്ധ്യയനവർഷം മുതൽ മലയാളം മിഷൻ III ഡൽഹി-യിൻകീഴിലുള്ള പഠന കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നതാണ്. ഉചിതമായ മാറ്റങ്ങളോടെ, ഒരേ സമയത്ത്, ഇവ മുംബൈ, ചെന്നൈ, യുഎഇ എന്നിവിടങ്ങളിൽ 2011-2012 കാലയളവിൽ തുടങ്ങുന്ന പഠനകേന്ദ്രങ്ങളിലും നടപ്പിലാക്കുന്നതാണ്.

**103.** നടപ്പു വർഷത്തിൽ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും എന്റെ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. കേരള

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻെറ എല്ലാ റിപ്പോർട്ടുകളിന്മേലും ശുപാർശകളിന്മേലും തുടർനടപടികൾ സ്വീകരിക്കുന്നതിനായി നിയമവകുപ്പിൽ ഒരു പുതിയ സെൽ രൂപീകരിച്ചിട്ടുണ്ട്. അഭിഭാഷകർക്കുള്ള ക്ഷേമനിധി തുക ₹ 3 ലക്ഷത്തിൽ നിന്നും 5 ലക്ഷം ആയി വർദ്ധിപ്പിക്കുന്നതിനായി നിയമം ഉണ്ടാക്കിയിട്ടുണ്ട്. അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ കാര്യത്തിൽ ക്ഷേമനിധി തുക ₹ 1 ലക്ഷത്തിൽ നിന്നും 2 ലക്ഷം ആയി ഇതിനകം തന്നെ വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര നിയമങ്ങൾ, അവ സാധാരണക്കാർക്ക് മനസ്സിലാക്കുവാൻ സാധിക്കുന്ന തരത്തിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി വരുന്നു.

**104.** കഴിഞ്ഞ വർഷം കേരള പോലീസ് സേന വളരെ ഫലപ്രദമായി പ്രവർത്തിച്ചിട്ടുണ്ട്. 2010-ൽ സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളുൾപ്പെടെയുള്ള കൊലപാതകങ്ങളുടെ എണ്ണത്തിൽ ശ്രദ്ധേയമായ കുറവ് ഉണ്ടായിട്ടുണ്ട്. കൂടാതെ, കഴിഞ്ഞ വർഷം സംസ്ഥാനത്ത് ഉണ്ടായ ഏതാണ്ട് ഒച്ചപ്പാടുണ്ടാക്കിയ എല്ലാ കേസ്സുകളിലും പോലീസിന് സംഭവം ഉണ്ടായശേഷം വളരെപ്പെട്ടെന്നു തന്നെ കുറ്റവാളികളെ പിടികൂടാൻ കഴിഞ്ഞിട്ടുണ്ട്.

**105.** തിരഞ്ഞെടുക്കപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ ഏർപ്പെടുത്തിയിരുന്നതും പിന്നീട് അധികമായി 70 സ്റ്റേഷനുകളിലേക്ക് കൂടി വ്യാപിപ്പിച്ചതുമായ ജനമൈത്രി സുരക്ഷാ പദ്ധതി വിജയകരമായ ഒരു ഇടപെടൽ ആണ്. അത്തരം പ്രദേശങ്ങളിലുള്ള ക്രിമിനൽ കുറ്റങ്ങളുടെ നിരക്കുകൾ പ്രകടമായി കുറഞ്ഞു. എൻെറ സർക്കാർ ഉടനെ തന്നെ 50 പോലീസ് സ്റ്റേഷനുകളിലേയ്ക്ക് കൂടി ജനമൈത്രി സുരക്ഷാപദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കേരളത്തിലെ എല്ലാ പോലീസ്

സ്റ്റേഷനുകളിലും ഘട്ടങ്ങളായുള്ള രീതിയിൽ ഇതു നടപ്പിലാക്കും. ജനമൈത്രി പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി റേഡിയോ ഫ്രീക്വൻസി ഐഡൻറിഫിക്കേഷൻ ടാഗ്സ് (RFID) സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കിയുള്ള ഇലക്ട്രോണിക് ബീറ്റ് സമ്പ്രദായം നടപ്പിലാക്കും.

**106.** തീവ്രവാദ/ദേശീയ വിരുദ്ധ ശക്തികളിൽ നിന്നുള്ള ഭീഷണികൾ കൈകാര്യം ചെയ്യുന്നതിന് തീരദേശസംരക്ഷണം അത്യന്താപേക്ഷിതമായിതീർന്നിട്ടുണ്ട്. കേന്ദ്ര സഹായത്തോടുകൂടി തീരദേശ സംരക്ഷണം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. അപ്രകാരം കൊല്ലം, വിഴിഞ്ഞം, ഫോർട്ട് കൊച്ചി, അഴീക്കൽ, ബേപ്പൂർ, ബേക്കൽ എന്നിവിടങ്ങളിൽ തീരദേശ പോലീസ് സ്റ്റേഷനുകൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. രണ്ട് തീരദേശ പോലീസ് സ്റ്റേഷനുകൾ കൂടി അടുത്തുതന്നെ തുടങ്ങുന്നതാണ്. രണ്ടാം ഘട്ടത്തിൽ, പത്ത് തീരദേശ പോലീസ് സ്റ്റേഷനുകൾ കൂടി തുറക്കുന്നതാണ്. കൂടാതെ നിരന്തര ജാഗ്രത പാലിക്കുന്നതിനും ലോക്കൽ പോലീസിനെ സഹായിക്കുന്നതിനുമായി തീരദേശ മേഖലയിലെ 76 പോലീസ് സ്റ്റേഷനുകളിൽ കടലോര ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത് ദേശീയ തലത്തിൽ പ്രകീർത്തിക്കപ്പെട്ടിട്ടുള്ള വളരെ വിജയകരമായ ഇടപെടലാണ്. തീരദേശ മേഖലയിലൂടെയുള്ള ദേശീയ വിരുദ്ധ ശക്തികളുടെ നുഴഞ്ഞുകയറ്റം ചെറുക്കുന്നതിന്, മീൻപിടുത്തക്കാരുടെ പരമാവധി ശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തിക്കൊണ്ട്, കടലോര ജനമൈത്രിസമിതികൾ മുഖാന്തിരം തീരദേശ മേഖലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കമ്മ്യൂണിറ്റി പോലീസിംഗ് ശക്തിപ്പെടുത്തും. അതിവേഗ ബോട്ടുകൾ കൂടി ആർജ്ജിച്ചിട്ടുള്ളതും അവ എല്ലാ തീരദേശ പോലീസ് സ്റ്റേഷനുകളിലും നേരത്തേ തന്നെ പ്രവർത്തനക്ഷമവുമാണ്.

**107.** ഭീകരർക്കിടയിലുള്ള പുതിയ ബന്ധങ്ങളെക്കുറിച്ച് എന്റെ സർക്കാരിന് അറിവുള്ളതും ഭീകരവാദ ഭീഷണി കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും അവലംബിക്കുന്നതുമാണ്. ഭീകരവാദസംബന്ധിയായ അന്വേഷണങ്ങൾക്ക് എന്റെ സർക്കാർ പുതിയ മുന്നേറ്റം നൽകുന്നത് തുടരുന്നതാണ്. പ്രത്യേക പരിശീലനത്തോടുകൂടിയതും വിവിധ ഇൻറലിജൻസ് അന്വേഷണ ഏജൻസികളുമായി ഫലപ്രദമായ ബന്ധങ്ങൾ ഉള്ളതുമായ അർപ്പണബോധമുള്ള ഒരു ഭീകര വിരുദ്ധ അന്വേഷണ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. സ്റ്റുഡൻറ് പോലീസ് കേഡറ്റ് എന്ന നൂതനമായ ഒരു പദ്ധതി രാജ്യത്ത് ആദ്യമായി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ 2009-2010-ൽ 22 സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതി നടപ്പ് അദ്ധ്യയന വർഷത്തിൽ സർക്കാർ/എയിഡഡ് മേഖലകളിലെ 100 സ്കൂളുകളിലേയ്ക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. "കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്തം" എന്നു പേരിട്ട ഒരു പുതിയ പദ്ധതി, പോലീസ് കോഴിക്കോട് സിറ്റിയിൽ ആരംഭിച്ചിട്ടുണ്ട്.

**108.** പോലീസ് സേനയുടെ ആധുനികവത്കരണം ഒരു തുടർപ്രക്രിയയാണ്. പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ അധികാരിതയുള്ള ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും അതുപോലെ തന്നെ സർക്കിൾ ആഫീസുകളിലും സബ്ഡിവിഷണൽ ആഫീസുകളിലും ജില്ലാ

പോലീസ് ആഫീസുകളിലും ഇ-മെയിൽ സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 50 ശതമാനത്തിലധികം പ്രാദേശിക പോലീസ് ഉദ്യോഗസ്ഥൻമാർക്ക് മൊബൈൽ ഫോണുകൾ നൽകിയിട്ടുണ്ട്. ഇ-മെയിൽ വഴി പരാതികൾ സ്വീകരിക്കുന്നതിനുള്ള സൗകര്യം പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ ഹൈടെക്ക് സെല്ലിൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും പൂർണ്ണ സജ്ജീകരണത്തോടുകൂടിയ സൈബർ സെല്ലുകളും ആട്ടോമാറ്റിക് ഫിംഗർ പ്രിൻറ് ഐഡൻറിഫിക്കേഷൻ സംവിധാനവും സ്ഥാപിക്കുന്നതാണ്.

**109.** റോഡപകടങ്ങൾക്ക് ഇരയാകുന്നവരെ ആശുപത്രികളിൽ എത്താൻ സഹായിക്കുന്നവർക്കുള്ള പ്രോത്സാഹനപദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഹൈവേകളിൽ അപകടങ്ങൾ കുറക്കുന്നതിനും സുരക്ഷക്കും വേണ്ടി കൂടുതൽ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ ആരംഭിക്കുന്നതാണ്. 150 പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ പോലീസ് സ്റ്റേഷനുകൾ വനിതാ സൗഹൃദമാക്കുന്നതാണ്. 2010-ൽ ഏകദേശം 10,000 ആളുകളെ പോലീസ് സേനയിൽ ചേർക്കാൻ എൻെറ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ, കേന്ദ്ര സഹായത്തോടു കൂടി, ഇൻഡ്യാ റിസർവ്വ് ബറ്റാലിയൻ എന്ന പേരിൽ ഒരു പുതിയ ബറ്റാലിയൻ തുടങ്ങാൻ എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം സംസ്ഥാനത്ത് ആറ് പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങിയിട്ടുണ്ട്.

**110.** ഫയർ ആൻറ് റെസ്ക്യൂ സർവ്വീസിൻെറ ആധുനിക വത്കരണം മുൻഗണന അർഹിക്കുന്ന ഒരു സംഗതിയാണ്. നമ്മുടെ നഗരങ്ങളിലും പട്ടണങ്ങളിലും ഉയരം കൂടിയ കെട്ടിടങ്ങൾ വർദ്ധിക്കുന്നതോടുകൂടി പുതിയ സാഹചര്യങ്ങളെ നേരിടുന്നതിന് ഫയർ ആൻറ് റെസ്ക്യൂ സർവ്വീസ് ആധുനികവത്കരിക്കേണ്ടതും സജ്ജമാക്കേണ്ടതുമുണ്ട്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഈ സേനയെ പൂർണ്ണമായും ആധുനികവത്കരിക്കുന്നതിന് എൻെറ സർക്കാർ ഉദ്ദേശിക്കുന്നു. ഹൈഡ്രോളിക് റെസ്ക്യൂ ടൂളുകൾ, ഇൻഫ്ലാറ്റബിൾ ടവർലൈറ്റ് സംവിധാനം, സ്കൈ ലിഫ്റ്റ് എന്നിവ പോലുള്ള ആധുനിക ഉപകരണങ്ങൾ ആർജ്ജിച്ചിട്ടുണ്ട്. കൂടുതൽ ഉപകരണങ്ങളും വാഹനങ്ങളും ആർജ്ജിച്ചുകൊണ്ടിരിക്കുകയാണ്. ജീവനക്കാർക്കുള്ള പരിശീലനവും ശക്തിപ്പെടുത്തുന്നതാണ്. അടിസ്ഥാനപരമായ അഗ്നിശമനത്തിലും രക്ഷാ പ്രവർത്തനങ്ങളിലും പോലീസ് സേനാംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്നതാണ്. ഫയർ സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യ ങ്ങളും മെച്ചപ്പെടുത്തി വരുന്നു. 2010-ൽ അഞ്ച് പുതിയ ഫയർ സ്റ്റേഷനുകൾ തുടങ്ങിയിട്ടുണ്ട്. മൂന്ന് ഫയർ സ്റ്റേഷനുകൾ കൂടി ഉടനെ തന്നെ തുടങ്ങുന്നതാണ്.

**111.** നമ്മുടെ പ്രിസണുകളിലെ അവസ്ഥ ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ടെന്നുള്ളത് സംതൃപ്തി നൽകുന്ന കാര്യമാണ്. ഈ പ്രക്രിയ ശക്തിപ്പെടുത്തും. പ്രിസണുകളും കോടതി ഹാളുകളും തമ്മിലുള്ള വീഡിയോ കോൺഫറൻസിംഗിനുള്ള പുതിയ സൗകര്യങ്ങൾ സെൻട്രൽ പ്രിസണുകളിൽ പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. തടവുകാരുടെ സുരക്ഷയിലും ക്ഷേമത്തിലും എൻെറ സർക്കാരിൻെറ സജീവ ശ്രദ്ധ തുടർന്നും ലഭിക്കുന്നതാണ്.

തടവുകാരുടെ പുനരധിവാസവും വൈദഗ്ദ്ധ്യ വികസനവും മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന ഒരു മേഖലയാണ്. 2010-ൽ പുതിയ മൂന്ന് പ്രിസണുകൾ തുടങ്ങുകയും ഒരു പുതിയ പ്രിസൺ ആക്റ്റ് കൊണ്ടുവരികയും ചെയ്തു.

**112.** വിജിലൻസ് അന്വേഷണവും അതിന്റെ തുടർനടപടികളും കൂടുതൽ ഫലപ്രദമാക്കുക എന്ന കാഴ്ചപ്പാടോടെ ദീർഘകാലമായി കെട്ടിക്കിടക്കുന്ന കേസുകൾ പൂർത്തീകരിക്കുന്നതിനുള്ള ഒരു പ്രത്യേക യജ്ഞം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. കുറ്റം ചെയ്യുന്ന ഉദ്യോഗസ്ഥർക്കുമേലുള്ള തുടർനടപടികൾ നിശ്ചിത സമയക്രമത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ പ്രത്യേക നടപടികൾ സ്വീകരിക്കുന്നതാണ്. മുൻവർഷം രണ്ട് കുടുംബകോടതികൾ തുടങ്ങി ഒന്നു തലശ്ശേരിയിലും മറ്റൊന്ന് വടകരയിലും. കരുനാഗപ്പള്ളിയിൽ ഒരു സബ് കോടതി ഉടനെതന്നെ തുടങ്ങുന്നതാണ്. നേരത്തേ പ്രസ്താവിച്ചതുപോലെ, പോലീസിന്റെ കഴിഞ്ഞ വർഷത്തെ പ്രവർത്തനം വളരെ ഫലപ്രദമായിരുന്നു. മികച്ച ക്രമസമാധാന സംരക്ഷണത്തിന് സംസ്ഥാനം നേടിയ അവാർഡുകൾ ഇതിന് തെളിവാണ്.

**113.** 2011-12 സാമ്പത്തിക വർഷത്തിൽ, 9626 ഗുണഭോക്താക്കൾക്ക് മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ 2006-ൽ അധികാരത്തിൽ വന്നതു മുതൽ വനാവകാശ ആക്റ്റിൻ കീഴിൽ ഗോത്രവർഗ്ഗക്കാർക്ക് 21,000 അവകാശ രേഖകൾ നൽകിയതിനുപുറമേ ഏകദേശം 1,50,000 ഭൂരഹിതരായ പാവങ്ങൾക്ക് കൂടി ഭൂമി നൽകിയിട്ടുമുണ്ട്. ലാൻഡ് ബോർഡുകൾ, ഹൈക്കോടതി എന്നിവ മുമ്പാകെ കെട്ടിക്കിടക്കുന്ന ഭൂപരിധി സംബന്ധിച്ച

കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള ഭൂപരിഷ്ക്കരണ ആക്റ്റുമായി ബന്ധപ്പെട്ട ജോലികളുടെ പുരോഗതി പുനരവലോകനം ചെയ്യുന്നതിന് ഭൂപരിഷ്ക്കരണ റിവ്യൂ ബോർഡ് പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇനിയും ഏറ്റെടുക്കാനുള്ള മിച്ചഭൂമി ഏറ്റെടുക്കുന്നതും അർഹരായ ഭൂരഹിതർക്ക് ഉടമസ്ഥാവകാശം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതുമാണ്.

**114.** പ്രകൃതി വിഭവങ്ങളുടെ സൂക്ഷിപ്പുകാരൻ എന്ന നിലയിൽ പൊതു ഭൂമി സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യത്തോടെ, എന്റെ സർക്കാർ കേരള സംസ്ഥാന ഭൂബാങ്ക് സ്ഥാപിക്കുകയുണ്ടായി. ഇതുവരെ, 70551.48 ഹെക്ടർ സർക്കാർ ഭൂമി ഭൂബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. സർക്കാർ ഭൂമി കൈയേറുന്നവർക്കെതിരെ കർശന ശിക്ഷാ നടപടി എടുക്കുന്നതിനുവേണ്ടി, കേരള ഭൂസംരക്ഷണ ആക്റ്റിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

**115.** 1148 കോടിയുടെ ധനഅടങ്കലിൽ സുനാമി പുനരധിവാസ പദ്ധതികൾ പൂർത്തിയായി വരുന്നു. തീരദേശ മേഖലയിൽ ഏകദേശം 11000 വീടുകൾ, മൂന്ന് പ്രധാന പാലങ്ങൾ, തീരദേശ മേഖലയ്ക്കു വേണ്ടിയുള്ള വൻകിട കുടിവെള്ള പദ്ധതികൾ, 719 സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ, വൈദ്യുതിവിതരണ ശൃംഖല മെച്ചപ്പെടുത്തൽ, പുതിയ ആശുപത്രികൾ, കടൽ തീരങ്ങളുടെ നവീകരണം, 1.5 ലക്ഷം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗം, ആറാട്ടുപുഴക്കും ആലപ്പാടിനും അന്ധകാരനഴിയ്ക്കും എടവനക്കാടിനുമുള്ള പ്രത്യേക പാക്കേജ് എന്നിവ എന്റെ സർക്കാരിന്റെ പ്രധാന നേട്ടങ്ങളിൽ ചിലതാണ്.

**116.** ശ്രീ പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ അഭ്യസ്ഥവിദ്യരായ മുസ്ലീം യുവജനങ്ങൾക്ക് സിവിൽ സർവ്വീസസ്, യുപിഎസ്സി, പിഎസ്സി, ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ മത്സര പരീക്ഷകൾക്കു വേണ്ടി ഹ്രസ്വകാല പരിശീലനം നൽകുന്നതിനായി കോഴിക്കോട്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിലെ പരിശീലന കേന്ദ്രങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. തപാൽ വകുപ്പിൻെറയും കോഴിക്കോട് ജില്ലാ സഹകരണ ബാങ്കി (ക്ലിപ്തം) ൻെറയും സഹകരണത്തോടെ കേരള മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി പദ്ധതി നടപ്പിലാക്കി. ന്യൂനപക്ഷ വികസനത്തിനുള്ള സ്പെഷ്യൽ ആഫീസർ വകുപ്പ് തലവനായി ഒരു ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചു. ആലപ്പുഴ, കോട്ടയം, മലപ്പുറം, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ആറു പരിശീലന കേന്ദ്രങ്ങൾ കൂടി ആരംഭിക്കുന്നതാണ്. വിദ്യാർത്ഥിനികൾക്കു വേണ്ടി മൂത്രപ്പുര ഇല്ലാത്ത സർക്കാർ സ്കൂളുകളിൽ വെള്ളത്തിൻെറ മതിയായ ലഭ്യത ഉറപ്പാക്കി ക്കൊണ്ട് 'ബാലികാ സൗഹൃദ മൂത്രപ്പുരകൾ' നിർമ്മിക്കും. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തീരദേശങ്ങളിലുള്ള ക്രൈസ്തവ സമുദായത്തെയും പരിവർത്തിത ക്രൈസ്തവരെയും കൂടി ന്യൂനപക്ഷങ്ങൾക്കായുള്ള ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾക്കുവേണ്ടി പരിഗണിക്കുന്നതാണ്.

**117.** 'സുതാര്യ കേരളം' എന്ന അതുല്യ ഇ-ഗവേണൻസ് പരിപാടിയിലൂടെ പൊതുജനങ്ങളുടെ പരാതി പരിഹാരത്തിനായി ശ്രദ്ധേയമായ സേവനം കഴിഞ്ഞ വർഷങ്ങളിൽ നൽകുവാൻ കഴിഞ്ഞു. ഡൽഹിയിലുള്ള മലയാളി സമൂഹത്തിന്റെ താൽപര്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനും അതുപോലെ തന്നെ രാഷ്ട്ര തലസ്ഥാനത്ത് കല, സംസ്കാരം, സാഹിത്യം മറ്റ് അനുബന്ധ മേഖലകൾ എന്നിവയിലുള്ള സംസ്ഥാനത്തിന്റെ സമ്പുഷ്ടത പ്രചരിപ്പിക്കുന്നതിനും വേണ്ടി, വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ (I&PRD) കീഴിൽ ഒരു സർക്കാർ സൊസൈറ്റി ന്യൂഡൽഹിയിൽ സ്ഥാപിക്കുന്നതാണ്.

**118.** ദുഷ്കരമായ നടപടിക്രമങ്ങളുടെയും വ്യാപാരികൾക്ക് പലതവണ അനാവശ്യമായി ആഫീസ് സന്ദർശിക്കേണ്ടതിന്റെയും അഴിമതിയുടെയും ജനസമ്മതിയില്ലാത്ത പ്രതിച്ഛായ പരമ്പരാഗതമായി വാണിജ്യ നികുതി വകുപ്പിനുണ്ട്. ഇ-ഗവേണൻസ് അംഗീകരിക്കുക വഴി, എന്റെ സർക്കാരിന് വ്യാപാരികളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുവാനും ഇപ്പോൾ വ്യാപാരികൾക്ക് എല്ലാ വർഷവും അവരുടെ രജിസ്ട്രേഷൻ ഇലക്ട്രോണിക് വിദ്യ ഉപയോഗിച്ച് പുതുക്കുവാനും കഴിയും. രജിസ്റ്റേഡ് വ്യാപാരികൾക്കുള്ള വകുപ്പു സേവനങ്ങളുടെ വിസ്തൃതി പൊതു സേവന കേന്ദ്രങ്ങളിലൂടെ (അക്ഷയ) അവരുടെ വാതിൽ പടിക്കടുത്തും ഇൻറർനെറ്റിലൂടെ 'എപ്പോഴും എവിടെയും' സേവന നിലവാരവും വരെ വ്യാപിപ്പിച്ചു. എന്റെ സർക്കാരിന്റെ ഇ-ടാക്സ് ഭരണപദ്ധതി ദേശീയ തലത്തിൽ അംഗീകരിക്കപ്പെടുകയും അതിന് രണ്ട് ഇ-ദേശീയ അവാർഡുകൾ, അതായത്, 2010-ലെ ഇ-ഇൻഡ്യ അവാർഡും, 2010-ലെ സിഎസ്ഐ നിഹിലെൻറ് അവാർഡും ലഭിക്കുകയുമുണ്ടായി.

**119.** സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ഈ വർഷം തന്നെ കോർ ബാങ്കിങ് സൊല്യൂഷൻസ് പ്രാവർത്തികമാക്കുന്നതാണ്. 105 പുതിയ ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കാനും 112 ട്രഷറികളിൽ നിലവിലുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുവ്വാനും ഉദ്ദേശിക്കുന്നു. സ്ത്രീ സമൂഹത്തെ, പ്രത്യേകിച്ച് സ്ത്രീ പെൻഷൻകാരെ സഹായിക്കുന്നതിനുവേണ്ടി സ്ത്രീകൾക്ക് മാത്രമായി ഒരു പെൻഷൻ സബ് ട്രഷറി തിരുവനന്തപുരത്ത് തുറക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇ-പെയ്മെൻറ് മുഖാന്തിരമുള്ള കേരള മൂല്യ വർദ്ധിത നികുതി (KVAT) ശേഖരണം പോലെ, മോട്ടോർ വാഹന വകുപ്പിലും ഇ-പെയ്മെൻറ് സംവിധാനം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരത്ത് ഒരു ഇ-ജില്ലാ ട്രഷറി സ്ഥാപിക്കുന്നതിനും എൻെറ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**120.** എൻെറ സർക്കാർ തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകൾ പുന:സംഘടിപ്പിക്കുകയും ക്ഷേത്രക്കുളങ്ങളും കിണറുകളും പോലെയുള്ള ജല സ്രോതസ്സുകളുടെ സംരക്ഷണത്തിനായി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള പ്രമുഖ ക്ഷേത്രങ്ങളെ ബന്ധിപ്പിച്ച് തീർത്ഥാടന വിനോദ സഞ്ചാരത്തിനായി ഒരു പദ്ധതിക്ക് തുടക്കം കുറിക്കുന്നതാണ്. ദേവസ്വത്തിൻെറ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ സാധ്യമായ എല്ലാ നടപടികളും എടുക്കുന്നതാണ്. ക്ഷേത്രങ്ങളിലെ മോഷണം തടയാൻ നടപടികൾ എടുക്കുന്നതും ക്ഷേത്രങ്ങളിലെ ജാഗ്രത ശക്തിപ്പെടുത്തുന്നതുമാണ്. ശബരിമല മാസ്റ്റർ പ്ലാൻ

പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു. മാസ്റ്റർ പ്ലാൻ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഭക്തരിൽ നിന്നുള്ള സംഭാവനയും സ്പോൺസർഷിപ്പും മുഖേന ധനസമാഹരണം നടത്തുന്നതിനായി 'ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ട്രസ്റ്റ് ഫണ്ട്' എന്ന പേരിൽ ഒരു നിധി രൂപീകരിച്ചിട്ടുണ്ട്. ദേവസ്വംബോർഡുകളുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള നിലവിലുള്ള എല്ലാ ബില്ലുകളും പാസ്സാക്കുന്നതിനും 'ഹരിതകേരളം - ദേവാരണ്യം' പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. വടക്കൻ മലബാർ പ്രദേശത്തെ 'ആചാരസ്ഥാനികർക്കും' 'കോലധാരികൾ'ക്കും പ്രതിമാസ സാമ്പത്തിക സഹായത്തിനുള്ള ഒരു പദ്ധതി ഏർപ്പെടുത്തയിട്ടുണ്ട്. ഈ വർഷത്തെ ശബരിമല സീസണിൽ, പുല്ലുമേട്ടിൽ സംഭവിച്ച തിക്കിലും തിരക്കിലും പെട്ടുണ്ടായ ദുരന്തം കണക്കിലെടുത്ത്, എൻെറ സർക്കാർ അത്തരം സംഭവങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിന് സാദ്ധ്യമായ എല്ലാ പരിഹാര മാർഗ്ഗങ്ങളും സ്വീകരിക്കുകയും ശബരിമല തീർത്ഥാടനത്തെ സുരക്ഷിതവും അപകടവിമുക്തവുമാക്കുന്നതിന് വേണ്ട എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്യുന്നതാണ്.

**121.** സർക്കാർമേഖലയിലുള്ള പ്രതിജ്ഞാബദ്ധരുടെയും ഉന്നതയോഗ്യതയുള്ളവരുടെയും ഫലപ്രദമായ മാനവവിഭവ ശേഷിയുടെയും കൂട്ടായ്മ ഒന്നു കൊണ്ടു മാത്രമാണ് എൻെറ സർക്കാരിന് വികസനത്തിലും, ഉദ്ദേശിച്ച എല്ലാ സേവനങ്ങളും പ്രദാനം ചെയ്യുന്നതിലും, ഇത്ര ഔന്നത്യം നേടാനായത്. എൻെറ സർക്കാരിന് സംസ്ഥാനത്തെ ഉന്നത വളർച്ചയുടെ സഞ്ചാരപഥത്തിൽ എത്തിക്കാൻ സാധിച്ചു. വരും വർഷങ്ങളിൽ, സംസ്ഥാനത്തിൻെറ ചരിത്രത്തിൽ ഇത് സുവർണ്ണ കാലഘട്ടമായി

രേഖപ്പെടുത്തും എന്ന് എനിക്കുറപ്പുണ്ട്. ധാർമ്മികനീതിയും സാമൂഹ്യനീതിയും ചേർന്ന കേരള മോഡൽ വളർച്ച, മറ്റുള്ളവർക്ക് പിന്തുടരാനായി രാജ്യമെമ്പാടും ലോകവ്യാപകമായും അംഗീകരിക്കപ്പെട്ടുവരുന്നു. എല്ലാ ഭിന്നതകളും മാറ്റി വച്ച്, കേരളത്തെ യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്വന്തം നാടാക്കിത്തീർക്കുന്നതിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം, ഒത്തൊരുമിച്ച് നീങ്ങാം, ഒത്തൊരുമിച്ച് വളരാം.

ജയ്ഹിന്ദ്

രേഖപ്പെടുത്തും എന്ന് എനിക്കുറപ്പുണ്ട്. ധാർമ്മികനീതിയും സാമൂഹ്യനീതിയും ചേർന്ന കേരള മോഡൽ വളർച്ച, മറ്റുള്ളവർക്ക് പിന്തുടരാനായി രാജ്യമെമ്പാടും ലോകവ്യാപകമായും അംഗീകരിക്കപ്പെട്ടുവരുന്നു. എല്ലാ ഭിന്നതകളും മാറ്റി വച്ച്, കേരളത്തെ യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്വന്തം നാടാക്കിത്തീർക്കുന്നതിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം, ഒത്തൊരുമിച്ച് നീങ്ങാം, ഒത്തൊരുമിച്ച് വളരാം.

ജയ്ഹിന്ദ്